# ജാമക്കാരൻ
# JAMAKKARAN

ജാമക്കാരൻ JAMAKKARAN

VOLUME - 2 | Reg NO.TNBIL/2016/70171 | ISSUE - 9

SEPTEMBER 2018 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=


*(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).*

*ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).*


0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com




*കർത്താവിൽ പ്രിയരെ,*

*ദൈവകൃപ നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കുമാറാകട്ടെ.*

*ജാമക്കാരൻ വായിച്ച ചിലർ: 40 ദിവസ ഉപവാസം – നവീന ഉപദേശം എന്ന് എന്തെല്ലാമോ എഴുതിയിരിക്കുന്നു. അതൊന്നും മനസ്സിലാക്കുവാൻ ഞങ്ങൾക്ക് സാധിച്ചില്ല" എന്നെഴുതിയിരിക്കുന്നു. ഇത്തരത്തിൽ പത്രാധിപർക്ക് എഴുതിയവരെല്ലാം വർഷങ്ങളായി സി.എസ്.ഐ കുടുബത്തിൽ ജനിച്ചു വളർന്നവരാണ്. പക്ഷേ, ഞാൻ ഇത്രയും വിശദമായി എഴുതിയിട്ടും വായനക്കാരിൽ ചിലർക്ക് മനസ്സിലായിട്ടില്ല എന്നു പറയുമ്പോൾ ഇവർ ദൈവവചനത്തിന്റെ ബാലപാഠങ്ങൾ പോലും അറിയാമല്ലോ എന്നോർത്ത് വളരെ ദുഃഖം തോന്നുന്നു. ഇന്ന് കാണുന്ന എല്ലാ സഭകളിലും നൂറിൽ 80 ശതമാനവും ഇങ്ങനെയുള്ളവരാണ്. ഇനി എത്ര തന്നെ ആഴമേറിയ വേദപഠനം നടത്തിയാലും ഇങ്ങനെയുള്ളവർ മനസ്സിലാക്കുകയില്ല.*

*അതേസമയം ആ ലേഖനത്തെക്കുറിച്ച് പുകഴ്ത്തിയെഴുതിയ വിശ്വാസികളും അച്ചന്മാരും ധാരാളമുണ്ട്. സി.എസ്.ഐ മതമേലദ്ധ്യക്ഷന്മാരുടെ നവീന ഉപദേശത്തെക്കുറിച്ച് ഇനി ഞങ്ങൾ ജാഗ്രതയോടെയിരിക്കും, നിങ്ങൾ എഴുതിയതുപോലെ ലിബറൽ തിയോളജി കോളേജിൽ പഠിച്ച അച്ചന്മാരാണ് ഭൂരിപക്ഷംപേരും സഭയെ നടത്തുന്നത്. ഞായറാഴ്ച അവരുടെ പ്രസംഗം കേൾക്കുമ്പോൾ തന്നെ ഞങ്ങൾക്കത് മനസ്സിലാകും. നിങ്ങളെപ്പോലെയുള്ളവരെ നേതൃത്വം വെറുത്താലും നിങ്ങൾ എഴുതുന്നതുപോലെ ധൈര്യമായി ഇത്രവലിയ പ്രധാന വിഷയത്തെക്കുറിച്ച് എഴുതിയതിന് നന്ദി പറയുന്നു. ഈ നവീന ഉപദേശങ്ങളെ*

സഭയ്ക്കുള്ളിൽ നുഴച്ചു കയറ്റുവാനുള്ള ശ്രമം പല വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്നത് ഞങ്ങൾക്ക് അറിയാം. ദൈവം തന്നെ സഭകളെ വചന പാതയിൽ ശരിയായി നടത്തുവാൻ സഹായിക്കുമാറാകട്ടെ. നിങ്ങൾക്ക് ഞങ്ങളുടെ നന്ദി രേഖപ്പെടുത്തുന്നു.

മറ്റൊരച്ചൻ എനിക്കെഴുതിയ കത്തിൽ ഞങ്ങളുടെ ബിഷപ്പ് അവർകൾ ബിഷപ്പായശേഷം കഴുത്തിൽ രുദ്രാക്ഷമാല അണിഞ്ഞപ്പോഴേ അദ്ദേഹത്തിന്റെ വ്യത്യാസമായ ഉപദേശത്തെക്കുറിച്ച് ഞങ്ങൾ ശ്രദ്ധിച്ചു വരുന്നു. മദ്ധ്യകേരള സി.എസ്.ഐ ഡയോസിസിൽ ബിഷപ്പുമാരായി തെരഞ്ഞെടുക്കപ്പെട്ട ആരും ഹൈന്ദവ മത സന്യാസികളെപ്പോലെ രുദ്രാക്ഷമാല കഴുത്തിൽ അണിയുന്നവരല്ല. ഓർത്തഡോക്സ് സഭയിലെ ചില ബിഷപ്പുമാരുടെ കഴുത്തിൽ ചിലപ്പോൾ രുദ്രാക്ഷമാല ഞങ്ങൾ കണ്ടിട്ടുണ്ട്. ഈ രുദ്രാക്ഷമാലയെക്കുറിച്ച് ബിഷപ്പ് അവർകൾ ആർക്കും അതിന്റെ വിവരം അറിയിച്ചിട്ടുമില്ല.

ഡോക്ടർ എഴുതിയ 40 നാൾ ഉപവാസ വിളിയും ദൈവകുടുംബം എന്ന പേരിൽ എഴുതിയ ലേഖനത്തിലൂടെ നേതൃത്വത്തിന്റെ ലിബറൽ തിയോളജി ഉപദേശത്തെക്കുറിച്ച് ഞങ്ങൾക്ക് കാര്യങ്ങൾ കുറെ വ്യക്തമായി. ഇത്തരത്തിൽ എഴുതുന്ന താങ്കളെ തീർച്ചയായും ബിഷപ്പ് അവർകൾ വെറുക്കും ഒതുക്കും എന്നറിഞ്ഞ് ഞങ്ങൾ വിഷമിക്കുന്നു. ഡോക്ടർക്കുവേണ്ടി കൂടുതലായി ഞങ്ങൾ പ്രാർത്ഥിക്കും എന്നുള്ള ഉറപ്പും ഞങ്ങൾ തരുന്നു.

* ഓൺലൈൻ / മണിട്രാൻസ്ഫർ / എന്നിങ്ങനെ വിവിധ രീതികളിലൂടെ നടത്തിയ കൂട്ടായ്മകൾ എന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അയയ്ക്കുന്നവർ ധാരാളമുണ്ട്. അയ്ക്കുന്നവരുടെ പേര് കാണുന്നില്ല. അതുകൊണ്ട് പണം അയച്ചശേഷം ദയവായി കത്തെഴുതി വിവരം എന്നെ അറിയിക്കണം. അല്ലെങ്കിൽ ഇ-മെയിൽ വഴി അറിയിച്ചാലും ഉപകാരമായിരിക്കും. അതിൽ നിങ്ങളുടെ വിലാസവും ഫോൺ നമ്പരും എഴുതാൻ മറക്കരുത്. കൂട്ടായ്മയിൽ അയച്ച എല്ലാവർക്കും യേശുക്രിസ്തുവിന്റെ പേരിലുള്ള നന്ദി അറിയിക്കുന്നു.

* ആഗസ്റ്റ് മാസം 12-ാം തീയതി മുതൽ 28-ാം തിയതി വരെ ഞാനും എന്റെ ഭാര്യയും വീട്ടിൽ ഇല്ലാതിരുന്നതുകൊണ്ട് ഞങ്ങളുടെ ഫോൺ പ്രവർത്തിച്ചിരുന്നില്ല. ആ ദിവസങ്ങളിൽ ഞങ്ങളോട് ഫോണിൽ കൂടി ബന്ധപ്പെടുവാൻ ശ്രമിച്ച എല്ലാവരോടും ക്ഷമ ചോദിക്കുന്നു.

* നിങ്ങൾ എഴുതിയ പ്രാർത്ഥനാ വിഷയങ്ങളെ ഞങ്ങൾ ഒരു പേപ്പറിൽ പകർത്തിയെഴുതി ആ ദിവസങ്ങളിൽ പ്രാർത്ഥിച്ചു. നിങ്ങളും പ്രാർത്ഥിച്ചിരിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. നിങ്ങൾ എഴുതിയ പ്രാർത്ഥനാ വിഷയങ്ങൾക്ക് ദൈവത്തിൽ നിന്നും മറുപടി ലഭിച്ചു എന്നറിഞ്ഞു ദൈവത്തിൽ സ്തുതിക്കുന്നു. നിങ്ങളും ദൈവത്തെ സ്തുതിക്കുകയും വചനാനുകൃതമായ് ജീവിച്ച് ദൈവത്തോട് നന്ദിയുള്ളവരും ആയിരിക്കുക.

കർത്താവ് നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കുമാറാകട്ടെ.

കർതൃശുശ്രൂഷയിൽ
ഡോ.പുഷ്പരാജ്

# കുമ്പസാര ഉപദേശവും വർത്തമാന കാല വാർത്തകളും



Rt.Rev.A. Dharmaraj Rasalam

കത്തോലിക്കസഭ, യാക്കോബായ സഭ, ഓർത്തഡോക്സ് സഭ തുടങ്ങിയ സഭകളിൽ അംഗമായിട്ടുള്ളവർ പുരുഷന്മാരും സ്ത്രീകളും ആഴ്ചതോറും അതതു സഭയിലെ അച്ചൻ (ഫാദർ) മാരോട് അല്ലെങ്കിൽ ബിഷപ്പിനോട് പള്ളിയിൽ അതിനുവേണ്ടി തയ്യാറാക്കപ്പെട്ട സ്ഥലത്ത് ചെന്ന് കുമ്പസാരം നടത്തുന്നത് പതിവാണ്. തങ്ങൾ ചെയ്ത ഏതു രഹസ്യപാപവും ഇടവക അച്ചനോടു പറഞ്ഞ് കുമ്പസരിക്കുന്നത് പതിവാണ്. ആ പാപവിവരങ്ങളെ അച്ചൻ കേട്ട്, താൻ അതിനെ ക്ഷമിച്ചതായി അറിയിച്ച് പ്രാർത്ഥനാ പുസ്തകത്തിൽ അതിനുവേണ്ടി തയ്യാറാക്കപ്പെട്ട പ്രാർത്ഥനാകുറിപ്പുകളെ വായിച്ച് പ്രാർത്ഥിക്കുവാൻ പറഞ്ഞുവിടും. അതിനുശേഷം കുമ്പസരിക്കുന്നവർ അതുമൂലം പാപങ്ങൾ ക്ഷമിക്കപ്പെട്ടതായി വിശ്വസിച്ച് കടന്നുപോകും. 4-ാം നൂറ്റാണ്ടുമുതൽ കത്തോലിക്കാ സഭയിൽ നുഴഞ്ഞുകയറിയ അനേകം പേഗൺ ദുരുപദേശങ്ങളിൽ ഒന്നാണിത്. ഈ സമ്പ്രദായത്തിന്നും അപ്പോസ്തലിക ഉപദേശത്തിനും തമ്മിൽ യാതൊരു ബന്ധവുമില്ല.

കേരളത്തിൽ ഓർത്തഡോക്സ് സഭയിൽ, വിവാഹിതയായ ഒരു സ്ത്രീ പറഞ്ഞ കുമ്പസാര രഹസ്യത്തിന്റെ അടിസ്ഥാനത്തിൽ ആ സ്ത്രീയെ വഞ്ചിച്ച് ബ്ലാക്ക്മെയിൽ ചെയ്ത് അവളെ ലൈംഗികമായി പീഡിപ്പിച്ചതിനുശേഷം മറ്റു 18 അച്ചന്മാർക്കും പീഡനത്തിനുള്ള ഏർപ്പാടും ചെയ്തു. ഈ വിവരം പത്രത്തിലൂടെയും ടി.വിയിലൂടെയും കണ്ടപ്പോൾ കേരളം ഞെട്ടിപ്പോയി. കേരളം മാത്രമല്ല, ഇന്ത്യയിലും ലോകത്തിലും ഉള്ളവർ എല്ലാവരും ഞെട്ടിപ്പോയി.

സംഭവിച്ചത് എന്ത് ?

വിവാഹിതയായ ആ സ്ത്രീയുടെ ഭർത്താവ് വിദേശത്ത് ജോലി ചെയ്യുന്നു. വർഷത്തിലൊരിക്കൽ നാട്ടിൽ അവധിയ്ക്കായി വരാറുണ്ട്. തന്റെ ഭാര്യയുടെ ജീവിതബന്ധത്തിന് ആവശ്യത്തിനായുള്ള പണം ബാങ്കിൽ ഇടുകയും അത് അവൾക്ക് ഉപയോഗിക്കുവാനുള്ള സമ്മതവും കൊടുത്തിട്ടുണ്ട്.

കുമ്പസാരത്തിൽ ഉണ്ടായ പാപം

ഭർത്താവില്ലാത്ത സമയം ഈ സ്ത്രീയ്ക്ക് കുടുംബത്തിലുള്ള ഒരു പുരുഷ

നോട് പരിചയമുണ്ടായി. ഭർത്താവിന്റെ അഭാവത്തിൽ ഇവളുടെ ഒറ്റയ്ക്കുള്ള ജീവിതത്തെ മുതലാക്കി അവളെ വഞ്ചിച്ച് അവളെ തന്റെ ലൈംഗിക ദാഹത്തിന് വശംവദയാക്കി അവളെ ലൈംഗിക പാപത്തിന് അടിമയാക്കി. ചില മാസങ്ങൾ കഴിഞ്ഞ് അവളുടെ മനസ്സിൽ വലിയൊരു കുറ്റബോധം തോന്നി. ഒരു പ്രാവശ്യം പാപം ചെയ്തിരുന്നാലും, തന്റെ ഭർത്താവിനെ താൻ വഞ്ചിച്ചുവല്ലോ എന്ന കുറ്റബോധം അവളിലുണ്ടായി. അതോടെ അവളുടെ മനഃസമാധാനം അവൾക്ക് നഷ്ടമായി. ഇതുവരെയും മറച്ചുവച്ച ഈ രഹസ്യപാപത്തെ ഒരു ശനിയാഴ്ച അവരുടെ സഭാരീതി അനുസരിച്ച് അച്ചനോട് പറഞ്ഞ് അവൾ കുമ്പസരിച്ചു. അച്ചൻ അവളുടെ പാപത്തെ വിശദമായി ചോദിച്ച് മനസ്സിൽ രസിക്കുവാൻ തുടങ്ങി. അത് അച്ചന്റെ മനസ്സിൽ കാമവെറിയായിട്ട് മാറി. അതിന്റെ ശേഷമാണ് ഈ അച്ചൻ തന്നെ യഥാർത്ഥ രൂപം കാണിക്കുവാൻ തുടങ്ങിയത്. ചില ആഴ്ചകൾ കഴിഞ്ഞതിനുശേഷം ഭവനസന്ദർശനം എന്നു പറഞ്ഞുകൊണ്ട് ആ യുവതിയുടെ വീട്ടിലേയ്ക്ക് പോയി. തന്റെ ലൈംഗിക സംതൃപ്തിക്ക് അവളോട് യാചിച്ചു. ഒരു ദൈവവേലക്കാരൻ അതും അച്ചന്റെ ഈ യാചന അവളെ ഞെട്ടിച്ചു. അവൾ അതിന് വഴങ്ങിയില്ല. അപ്പോഴാണ് ഈ അച്ചൻ കുമ്പസാര രഹസ്യത്തെ ആയുധമാക്കി അവളെ ഭീഷണിപ്പെടുത്തിയത്. ഭർത്താവിനോട് അവളുടെ പരപുരുഷ ലൈംഗികബന്ധത്തെക്കുറിച്ച് അറിയിക്കും എന്നു പറഞ്ഞ് ഭീഷണിപ്പെടുത്തി. ഈ ഭീഷണിയിൽ ഭയന്നുപോയ അവൾ ഒടുവിൽ അച്ചന്റെ ലൈംഗിക ദാഹത്തിന് സമ്മതിക്കേണ്ടി വന്നു.

തന്റെ പ്രദേശത്ത് ഈ പാപത്തിന് മുതിർന്നാൽ നാട്ടുകാർ അറിയും എന്നതിനാൽ, ബാങ്കിൽ നിന്നും അൻപതിനായിരം രൂപയും എടുത്തുകൊണ്ട് എറണാകുളത്തെ ഒരു സ്റ്റാർ ഹോട്ടലിൽ റൂം ബുക്ക് ചെയ്യുവാൻ പറഞ്ഞു. ബുക്ക് ചെയ്തിട്ട് വിവരം എന്നെ അറിയിച്ചാൽ ഞാൻ അവിടെ എത്തിക്കോളാമെന്ന് അച്ചൻ പറഞ്ഞു. അങ്ങനെ എറണാകുളത്തെ ഒരു സ്റ്റാർ ഹോട്ടലിൽ അച്ചനും യുവതിയും കൂടി നാലു ദിവസം താമസിച്ച് സുഖിച്ചതിനുശേഷം അവർ അവിടെ നിന്നും അവരവരുടെ ഭവനങ്ങളിലേക്ക് തിരിച്ചുപോയി. ഈ സംഭവത്തിനുശേഷം അച്ചൻ കോഴിയെ കണ്ട കുറുക്കന്റെ അവസ്ഥയിലായി. ഈ അച്ചൻ തുടർച്ചയായ തെറ്റുകൾക്ക് അടിമയായി. മാത്രമല്ല, അവളുടെ ബലഹീനതയെ മുതലാക്കി തന്റെ സുഹൃത്തുക്കളായ അച്ചന്മാർക്കും ലൈംഗിക ബന്ധത്തിന് അടിമയാക്കി പങ്കുവെച്ചു. അങ്ങനെ പല സ്ഥലങ്ങളിലുള്ള 18 അച്ചന്മാർ ആ സ്ത്രീയെ ഉപയോഗിച്ച് വഷളാക്കി.

പുറത്തുവരാത്ത ഒരു രഹസ്യവുമില്ല

ഗൾഫിലുള്ള ഇവളുടെ ഭർത്താവ് തന്റെ കംപ്യൂട്ടവർ വഴി ഇവളുടെ ബാങ്ക് അക്കൗണ്ടിന്റെ കണക്കുകൾ നോക്കി. അതിനാൽ മൂന്നു പ്രാവശ്യമായിട്ട് അവൻപതിനായിരം രൂപം വീതം പിൻവലിച്ചതായി കണ്ടു. ഓരോ ദിവസവും രാത്രിയിൽ

തന്റെ ഭാര്യയുമായി സംസാരിക്കുകയാണ് അദ്ദേഹത്തിന്റെ പതിവ്. എല്ലാ കാര്യങ്ങളും ഭർത്താവിനോടു പറയുന്ന അവൾ ഈ അൻപതിനായിരം വീതമുള്ള ഈ രൂപയുടെ കാര്യം മാത്രം മറച്ചുവച്ചു. അത് അയാളുടെ മനസ്സിൽ സംശയങ്ങൾക്കിടവരുത്തി.

ഒരു ദിവസം അയാൾ ഒരു മുന്നറിയിപ്പും നല്കാതെ ഗൾഫിൽ നിന്നും നാട്ടിലേയ്ക്ക് വന്നെത്തി. അപ്പോൾ ഭാര്യ വീട്ടിൽ ഉണ്ടായിരുന്നില്ല. അടുത്തുള്ള പീടികയിൽ അന്വേഷിച്ചപ്പോൾ ദിവസവും അമ്മയുടെ വീട്ടിലേയ്ക്ക് എന്നും പറഞ്ഞ് പോയി വൈകാതെ തന്നെ മടങ്ങിവരാറുണ്ട്. ഇന്നും അങ്ങനെ പോയിരിക്കാമെന്ന് കടക്കാരൻ പറഞ്ഞു. അതോടൊപ്പം കടക്കാരൻ പറഞ്ഞ മറ്റൊരു വിവരം കേട്ടപ്പോൾ അയാൾക്ക് തന്റെ സംശയം ഇരട്ടിയാക്കി. കടക്കാരൻ പറഞ്ഞ കാര്യം; ചിലപ്പോൾ അമ്മയുടെ വീട്ടിലേയ്ക്ക് എന്നും പറഞ്ഞ് പോയാൽ പിന്നെ നാലഞ്ചു ദിവസം കഴിഞ്ഞാണ് മടങ്ങിവരുന്നത്.

ഭാര്യ മടങ്ങി വന്നതിനുശേഷം അയാൾ ഒന്നും അറിഞ്ഞ ഭാവം കാണിക്കാതെ പതിവുപോലെയുള്ള സംഭാഷണങ്ങളിൽ മുഴുകി. സംഭാഷണത്തിന്നിടയിൽ ബാങ്ക് പാസ്ബുക്ക് കാണിച്ച് മൂന്നുപ്രാവശ്യം അൻപതിനായിരം രൂപവീതം എടുത്തതായി കാണിക്കുന്നു. ഇത്രയും മാസങ്ങളായി നാം എല്ലാ കാര്യങ്ങളും സംസാരിക്കുമായിരുന്നെങ്കിലും ഇത്രയും വലിയ തുകകൾ പിൻവലിച്ച കാര്യം മോള് എന്നോട് ഒന്നും പറഞ്ഞിരുന്നില്ലല്ലോ എന്നു ചോദിച്ചപ്പോൾ അവളുടെ മുഖം വിളറിപ്പോയി. ഇടയ്ക്കിടയ്ക്ക് മൂന്നുനാലു ദിവസങ്ങൾ തുടർച്ചയായി വീട്ടിൽ ഇല്ലായിരുന്നുവെന്നും ഞാനറിഞ്ഞല്ലോ? ഈ ദിവസങ്ങളിൽ എവിടെയാണ് പോയത്? ഇത്രയും ആയപ്പോൾ തന്നെ അവൾക്കു മനസ്സിലായി ഇനിയൊന്നും എനിക്കു ഒളിക്കുവാൻ കഴിയുകയില്ലായെന്ന്. അവൾ അയാളുടെ മുന്നിൽ പൊട്ടിക്കരയുവാൻ തുടങ്ങി. തുടർന്ന് ഒന്നും മറയ്ക്കാതെ എല്ലാ വിവരങ്ങളും അവൾ തന്റെ ഭർത്താവിനോട് പറഞ്ഞു.

തന്റെ ഇടവക അച്ചനെക്കുറിച്ച് ഇങ്ങനെയുള്ള വിവരങ്ങളെ അറിഞ്ഞപ്പോൾ അദ്ദേഹം വളരെയധികം വിഷമിച്ചു. ഉടനെ തന്നെ ഈ സ്ത്രീയുടെ ഭർത്താവ് തന്റെ സുഹൃത്തായ ഒരു വക്കീലിനോട് ഈ വിവരങ്ങൾ തുറന്നുപറഞ്ഞു. ഇത് വളരെ ക്രൂരതയാണ് അച്ചൻ കാണിച്ചതെന്നും ഇത് എന്നേക്കുമായി അവസാനിപ്പിക്കണമെന്നും ഇനി സഭയിലെ മറ്റൊരു സ്ത്രീയ്ക്കും ഇത് സംഭവിക്കുവാൻ പാടില്ലായെന്നും ഉള്ള ഉപദേശമാണ് സുഹൃത്ത് നൽകിയത്. തുടർന്ന്, വനിതാ പോലീസ് സ്റ്റേഷനിലും സംസ്ഥാന വനിതാ കമ്മിഷനും യുവതിയെക്കൊണ്ടു തന്നെ അച്ചനെതിരായി പരാതി കൊടുപ്പിച്ചു. പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് അന്വേഷണം നടത്തി അച്ചനെ അറസ്റ്റു ചെയ്തു. അന്വേഷണം തുടങ്ങിയപ്പോൾ തന്നെ നാലു അച്ചന്മാർ ഒളിവിൽ പോയി. ഒടുവിൽ അവരും പോലീസിന്റെ പിടിയിലായി. അറസ്റ്റിലായ അച്ചന്മാർ ജാമ്യത്തിനുള്ള അപേക്ഷ നൽകിയപ്പോൾ വിവരമറിഞ്ഞ് വനിതാ കമ്മീ

ഷൻ ഇടപെടുകയും അവരുടെ ജാമ്യം തടയുകയും ചെയ്തു.

മുകളിൽ എഴുതിയ ഈ ഒരു സംഭവം മാത്രമേ പുറത്തു വന്നിട്ടുള്ളു. പുറത്തു വരാത്ത എത്രയോ സംഭവങ്ങൾ സഭകളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെ ലൈംഗിക വെറിമൂത്ത പല അച്ചന്മാരും ബിഷപ്പുമാരും സഭകളിലുണ്ട്. കന്യാസ്ത്രീകൾക്കു പോലും ഇവരുടെ പിടിയിൽ നിന്നും രക്ഷപ്പെടുവാൻ കഴിയാത്ത ഒരു സാഹചര്യമാണ് ഇപ്പോഴുള്ളത്.

എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു

ഇതിന് രണ്ടു കാരണങ്ങളുണ്ട്. ഒന്ന്, പോലീസ് പിടിയിലായ ഈ അച്ചന്മാരെല്ലാം അവിവാഹിതരാണ്. മുകളിൽ സൂചിപ്പിച്ച മൂന്നു സഭാവിഭാഗങ്ങളിലും ഉള്ള ബിഷപ്പുമാരും അച്ചന്മാരും അവരുടെ സഭാനിയമം അനുസരിച്ച് വിവാഹം കഴിക്കുവാൻ പാടില്ല. ഇതിൽ മാർത്തോമാസഭയിലെ ചില ബിഷപ്പുമാരും ഉൾപ്പെടുന്നു. രണ്ടാമതായി, ഇവർക്കെല്ലാം സമൃദ്ധിയായ ഭക്ഷണം ലഭിക്കുന്നുണ്ട്. അതിലും ബിഷപ്പുമാർക്ക് വ്യത്യസ്തമായ ഭക്ഷണരീതികളാണുള്ളത്. തങ്ങളുടെ ഭക്ഷണമേശയിലുണ്ടാകേണ്ട വിഭവങ്ങളുടെ ലിസ്റ്റുപോലും അവരാണ് കൊടുക്കുന്നത്. ഇത്രയും ആഹാരങ്ങൾ കഴിക്കുമ്പോൾ അവർക്ക് ജഡീകവികാരങ്ങളാണ് കൂടുതലായി ഉണ്ടാകുന്നത്. ഈ അവസ്ഥയിൽ ലൈംഗിക വികാരങ്ങൾ ഒഴുക്കിക്കളയുവാനുള്ള തോടുകൾ അവർ അന്വേഷിക്കുന്നത് സ്വഭാവികമാണ്. ഇവരുടെ അതിനുവേണ്ടിയുള്ള അന്വേഷണം ചെന്നെത്തുന്നത് സ്വവർഗ്ഗരതിയിലും ലൈംഗിക പീഡനങ്ങളിലുമാണ്.

സ്ത്രീകളിൽ കന്യാസ്ത്രീകൾ, സ്ത്രീകളായ ദൈവവേലക്കാരികൾ തുടങ്ങിയവരും തമ്മിൽ തമ്മിൽ വഷളത്വം പ്രവർത്തിച്ച് ലെസ്ബിയൻ ക്യാരക്ടർ (സ്വവർഗ്ഗ സ്വയഭോഗരീതി) ഉള്ളവരായിട്ട് മാറുന്നു. ഇങ്ങനെയുള്ള സംഭവങ്ങൾ സിലോൺ പെന്തകോസ്തു (TPM) സഭകളിലും പാസ്റ്റർമാർക്കിടയിലും സഹോദരിമാർ (സിസ്റ്റർ) എന്നു വിളിക്കപ്പെടുന്നവരുടെയിലും നടന്നുവരുന്നു. ഈ വിവരങ്ങൾ പത്രമാധ്യമങ്ങളിൽ കൂടി നിങ്ങൾ വായിച്ചു കാണുമല്ലോ!

വചനവ്യവസ്ഥ വിട്ട് വ്യക്തികളും കുടുംബങ്ങളും സഭകളും സഞ്ചരിക്കുവാൻ ദൈവം സൃഷ്ടിച്ച പരിശുദ്ധ വികാരങ്ങളെ സാത്താൻ മുതലെടുത്ത്, പാപമാക്കി മാറ്റുന്നത്!

വിവാഹം കഴക്കാതെയിരിക്കുന്നത് വേദവചനത്തിന് എതിരാണ്. ഉല്പത്തി പുസ്തകത്തിൽ ദൈവം പറഞ്ഞു, മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല് അവന് തുണയായി ഒരു പെണ്ണിനെ സൃഷ്ടിച്ചു നല്കി കുടുംബജീവിതത്തെ ദൈവം അംഗീകരിക്കുകയായിരുന്നു. ഹാനോക്ക് ഭാര്യയും മക്കളും ഉണ്ടായിരുന്നിട്ടും അവൻ ദൈവത്തോടൊപ്പം സഞ്ചരിച്ചുവെന്ന് വേദപുസ്തകം പറയുന്നു.

യേശുക്രിസ്തു തന്റെ ദൈവവേലയിൽ ആദ്യത്തെ അത്ഭുതം കല്യാണവീട്ടിൽ വച്ചാണ് നടത്തിയത്. പൗലൊസ് അപ്പോസ്തലൻ തിമൊഥിയോസിന് ലേഖനം എഴുതുമ്പോൾ വിവാഹം ചെയ്യാതിരിക്കാൻ കള്ള ഉപദേഷ്ടാക്കന്മാർ നിങ്ങളെ ഉപ

ദേശിക്കും (1 തിമൊ ) അതിനാൽ ജാഗ്രത ഉള്ളവരായിരിപ്പിൻ എന്നു മുന്നറിയിപ്പ് നൽകുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് അപ്പൊസ്തലനായ പൗലോസ് 1 തിമൊ 3:1-5 വരെയുള്ള വാക്യങ്ങളിൽ ദൈവവേലക്കാർ ഏക ഭാര്യയുള്ളവനായിരിക്കണം, സ്വന്ത കുടുംബത്തെ ശരിയായി നടത്താത്തവൻ സഭയെ എങ്ങനെ നടത്തും എന്നും എഴുതിയിരിക്കുന്നത്.

ബിഷപ്പായാലും അച്ചനായാലും പെന്തക്കോസ്തു പാസ്റ്ററായാലും ആരായാലും ദൈവവേല ചെയ്യുന്നവർ വിവാഹം കഴിച്ചിരിക്കണം എന്നതാണ് വേദപുസ്ത കൽപ ന. പക്ഷേ, ദൈവവചനത്തോടൊപ്പം ബാബിലോണ്യ, റോമാ മതങ്ങളുടെ ഉപദേശ ങ്ങളും ആചാരങ്ങളും കടന്നുകൂടി അവിയൽ - ആയ ക്രിസ്തുമതത്തിന്റെ അനേകം നാമങ്ങളിൽ ഒന്നാണ് ഈ നാമവും!! വേദവചനത്തെ ആരും ഒരിക്കലും ലംഘിക്കു വാൻ പാടില്ല.

ജാമക്കാരൻ കുറിപ്പ് : ഇതു വായിക്കുന്ന പ്രിയ വായനക്കാരൻ അറിയേണ്ട കാര്യം, നിങ്ങളുടെ ഏതു പാപങ്ങളെയും യേശുക്രിസ്തുവിനോട് മാത്രം ഏറ്റുപറയണം. പാപ ങ്ങളെ ക്ഷമിക്കുവാൻ വിശുദ്ധ മറിയാമിനോ പത്രൊസിനോ പൗലോസ് അപ്പോസ്ത ലനോ ആർക്കും അധികാരമില്ല.

കുമ്പസാര അനുഷ്ഠാനം നടത്തുന്ന സഭകൾ ന്യായീകരിക്കുന്ന ഒരു വചന മുണ്ട്. യേശുക്രിസ്തു തന്റെ ശിഷ്യന്മാരോടു പറയുമ്പോൾ, "നിങ്ങൾ ആരുടെ പാപ ങ്ങൾ ക്ഷമിക്കുന്നുവോ, അവരുടെ പാപങ്ങൾ ക്ഷമിക്കപ്പെടുന്നു." എന്നു പറഞ്ഞു.

ഈ വചനത്തെ അവർ തെറ്റായിട്ട് വ്യാഖ്യാനിക്കുന്നു. ശിഷ്യന്മാർക്ക് വിരോ ധമായി ആരെങ്കിലും തെറ്റ് ചെയ്താൽ അവരുടെ തെറ്റുകളെ ക്ഷമിക്കുവാൻ ശിഷ്യ ന്മാർക്ക് അധികാരം കൊടുത്തിട്ടുണ്ട്. ഈ അധികാരം ലോകത്തിലുള്ള മറ്റുള്ളവരുടെ പാപങ്ങളെ ക്ഷമിക്കുവാനല്ല. 1 തിമൊ 2:5-6 പറയുന്നു "മനുഷ്യനും ദൈവത്തിനും മദ്ധ്യസ്ഥൻ ഒരുത്തൻ, അത് യേശുക്രിസ്തു ഒരുവൻ അത്രെ" (അപ്പോ 4:12) ൽ പറ യുന്നു, "മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട (യേശു എന്ന നാമമല്ലാതെ) വേറൊരു നാമവും ഇല്ല" എന്ന്. ഈ ഭൂമിയിൽ ജന്മ, കർമ്മ പാപങ്ങളെ ക്ഷമിക്കുവാൻ അധി കാരമുള്ളത് ഒരേയൊരു വ്യക്തിക്കു മാത്രം. അത് നസറായനായ യേശുക്രിസ്തു മാത്രം!! (മത്തായി 2:21, മർക്കൊസ് 2:5-12, ലൂക്കൊസ് 7:47-50, അപ്പോ.പ്രവൃ 13:30). ഭൂമിയിൽ പാപരഹിതനായ തിരുമേനി ഒരുവൻ മാത്രം അവനാണ് കർത്താവായ യേശുക്രിസ്തു മാത്രം!! മറ്റുള്ളവരെല്ലാം അശുദ്ധ (ദുഷിച്ച ശവസമാനമായ നാറ്റമു ള്ള) മേനികൾ മാത്രം!! ഇവർക്ക് പാപങ്ങളെ മോചിക്കാനാവില്ല! ജാഗ്രത! ജാഗ്രത!!


7

# ബിഷപ്പിന് സിവിൽ ജയിൽ ശിക്ഷ


Rt. Rev. Samuel

തൂത്തുക്കുടി – നസ്രേത്ത് സി.എസ്.ഐ ഡയോസിസിന്റെ ബിഷപ്പ് റൈറ്റ്.റവ.ദേവസഹായം അവർകൾക്ക് രണ്ടാഴ്ച സിവിൽ ജയിൽശിക്ഷയും 5000 രൂപ പിഴയുമായി ശിക്ഷിക്കപ്പെട്ടു. ഇത് 2018 ജൂലൈയിൽ തമിഴ്നാട്ടിലുള്ള എല്ലാ ദിനപത്രങ്ങളിലും വാർത്തയായി വന്നു.

പ്രശ്നങ്ങൾ : തൂത്തുക്കുടി സി.എസ്.ഐ ഡയോസിസ് മുഴുവനും ഡയോസിസ് ഇലക്ഷൻ നടത്തപ്പെട്ടു. ഡയോസിസിനെ ഇപ്പോൾ ഭരിച്ചുകൊണ്ടിരിക്കുന്ന ഭാരവാഹികൾക്ക് ഇഷ്ടമില്ലാത്ത ചിലരുടെ പേരുകളെ ഇലക്ഷൻ ലിസ്റ്റിൽ നിന്നും നീക്കിക്കളഞ്ഞു. നീക്കപ്പെട്ട വിവരമറിഞ്ഞ് ബിഷപ്പിന് രേഖാമൂലം പരാതി കൊടുത്തു. എന്നാൽ ബിഷപ്പ് അവർകൾ നടപടിയൊന്നും എടുത്തില്ല.

ഇലക്ഷന്റെ തീയതി അടുത്തായപ്പോൾ ന്യായത്തിനു വേണ്ടി കോടതിയെ സമീപിക്കേണ്ടിവന്നു. ബിഷപ്പ് ചെയ്യേണ്ട കാര്യത്തെ ഒടുവിൽ കോടതിയ്ക്ക് ചെയ്യേണ്ടി വന്നു. ലിസ്റ്റിൽ നിന്നും നീക്കപ്പെട്ടവരുടെ പേരിൽ കുറ്റമൊന്നും ഇല്ലാതെ, ഷോക്കാസ് നോട്ടീസ് പോലും കൊടുക്കാതെ അവരുടെ പേരുകൾ നീക്കം ചെയ്തതിൽ തെറ്റുണ്ടെന്ന് കോടതി കണ്ടെത്തി. ഉടൻ തന്നെ അവരെ വീണ്ടും ലിസ്റ്റിൽ പേര് ചേർത്തതിനുശേഷം തെരഞ്ഞെടുപ്പു നടത്തണമെന്നും, അതുവരെ തെരഞ്ഞെടുപ്പ് തടഞ്ഞിരിക്കുന്നുവെന്നുമാണ് ജഡ്ജി വിധി പറഞ്ഞു.

കോടതി ഈ വിധി ബിഷപ്പിനെയും ഭാരവാഹികളെയും അറിയിച്ചു. എന്നിട്ടും ബിഷപ്പ് അവർകൾ ഈ വിധിയെ കാര്യമാക്കാതെ അതേ ആഴ്ചയിൽ തെരഞ്ഞെടുപ്പു നടത്തി. ഉടൻ തന്നെ പേര് നീക്കം ചെയ്യപ്പെട്ട വ്യക്തികൾ കോർട്ടലക്ഷ്യത്തിന് കോടതിയിൽ പോയി. ഉടൻ തന്നെ കോടതി ബിഷപ്പും ഭാരവാഹികളും നേരിട്ടു ഹാജരാകുവാൻ സമൻസയച്ചു. അതിനു മറുപടിയായി ബിഷപ്പും ഭാരവാഹികളും വക്കീൽ മുഖേന മാപ്പപേക്ഷ കോടതിയ്ക്ക് സമർപ്പിച്ചു. അവരുടെ മാപ്പപേക്ഷ കോടതി തള്ളിക്കളഞ്ഞു.

വീണ്ടും തെരഞ്ഞെടുപ്പു നടത്തുവാനുള്ള നിർദ്ദേശം കൊടുത്തു. അതിനെയും ബിഷപ്പും ഭാരവാഹികളും തള്ളിക്കളഞ്ഞു. കോർട്ട് നൽകിയ തിയതിയുടെ കാലം കഴിഞ്ഞശേഷം ജഡ്ജി ബിഷപ്പിനെതിരായി വിധിയെഴുതി. ജഡ്ജിയുടെ വിധിയെയും കോടതിയെയും അപമാനപ്പെടുത്തിയതുകൊണ്ട് കോടതി അവർക്കെതിരെ നടപടി എടുത്ത് ബിഷപ്പിനെതിരായി ശിക്ഷാവിധി പുറപ്പെടുവിച്ചു. ജഡ്ജി ശ്രീ. എം.വി.മുരളീധരൻ അവർകൾ തന്റെ വിധിയെ വായിച്ചു കേൾപ്പിച്ചു. ബിഷപ്പ് റൈറ്റ്. റവ.ദേവസഹായം അവർകൾക്ക് 2 ആഴ്ചത്തെ സിവിൽ ജയിൽവാസവും 5000 രൂപ

പിഴയും വിധിച്ചു. ഡയോസിസ് ട്രഷറർ ശ്രീ.മോഹൻ അരുമനായകം അവർകൾക്കും അതേ ശിക്ഷതന്നെ വിധിച്ചു. തെരഞ്ഞെടുപ്പ് ഫലം റദ്ദുചെയ്തതായി കോടതി അറിയിച്ചു. ലിസ്റ്റിൽ നിന്നും നീക്കപ്പെട്ടവരെക്കൂടി ചേർത്ത് പുതിയ ലിസ്റ്റ് ഉണ്ടാക്കി കോടതിയുടെ നിരീക്ഷണത്തിൽ തെരഞ്ഞെടുപ്പ് നടത്തണമെന്നും ഇലക്ഷൻ ഓഫീസറായി ജഡ്ജി ശ്രീ.സിദ്ധാർത്ഥൻ അവർകളെ കോടതി ഏർപ്പാടു ചെയ്തു.

ഈ വാർത്തകളെ ഞാൻ ജാമക്കാരൻ വായനക്കാർക്കുവേണ്ടി പ്രസ്സിൽ കൊടുക്കുവാൻ ആഗസ്റ്റ് മാസം അവസാനവാരത്തിൽ എഴുതി പൂർത്തിയാക്കി. ഇതിനിടയിൽ വീണ്ടും ഒരു സ്റ്റേ ഓർഡർ, വീണ്ടും ഒരു പുതിയ കോടതി എന്നിങ്ങനെ ഡയോസിസിനുള്ളിൽ കേസുകൾ പോയിക്കൊണ്ടിരിക്കുന്നു. ഇതിന്റെയിടയിൽ ഈ വിഷയത്തിൽ സി.എസ്.ഐ മോഡറേറ്റർ അവർകൾ ഇടപ്പെട്ടതായി വാർത്തകൾ വന്നു. ഇങ്ങനെ ഓരോരോ ഡയോസിസുകളിലും പല പല പ്രശ്നങ്ങളും നടന്നുകൊണ്ടിരിക്കുമ്പോൾ സഭാജനങ്ങൾക്ക് സമാധാനത്തോടെ ദൈവത്തെ എങ്ങനെ ആരാധിക്കും? ദൈവനാമമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുമായി ചെലവഴിക്കേണ്ട കോടിക്കണക്കിന് രൂപകൾ സി.എസ്.ഐയിലെ 24 ഡയോസിസുകളിലായി വിവിധ കോടതി കേസുകൾ നടത്തുവാനായി ഡയോസിസ് ഭണ്ഡാരത്തിൽ നിന്നും കോടിക്കണക്കിന് രൂപ വക്കീലന്മാർ ഫീസായി വിഴുങ്ങിക്കൊണ്ടിരിക്കുന്നു.

തൂത്തുക്കുടി ബിഷപ്പ് അവർക്ക് ജയിൽ ശിക്ഷയും ഈ അപമാനവും എന്തുകൊണ്ട് ഉണ്ടായി? ബിഷപ്പ് അവർകൾക്കും ഡയോസിസിലുള്ള ലീഗൽ അഡ്വൈസർക്കും കോടതിവിധിയെ ലംഘിക്കുവാൻ പാടില്ലായെന്നുള്ള വിവരം അറിഞ്ഞുകൂടായോ? ലിസ്റ്റിൽ നിന്നും ചില പ്രത്യേക ആളുകളുടെ പേരുകൾ മാത്രം നീക്കുന്നത് തെറ്റാണെന്ന് ഇവർക്ക് അറിഞ്ഞുകൂടായോ?

ഇത് ചെയ്തത് അന്യായമാണെന്ന് ബിഷപ്പിന് തീർച്ചയായും അറിയാം. ബിഷപ്പിനെ ചുറ്റിചുറ്റി നിൽക്കുന്ന മാന്യന്മാരുടെ നിർബന്ധബുദ്ധി ബിഷപ്പിനെ ഇരുമ്പഴികൾക്കുള്ളിലാക്കി. പ്രത്യക്ഷത്തിൽ അകമ്പടി സേവകർ രക്ഷപ്പെടുകയും ബിഷപ്പ് അവർകൾ കെണിയിൽ അകപ്പെടുകയും ചെയ്തു.

ഈ ബിഷപ്പ് അവർകൾ അച്ചനായിരുന്നപ്പോൾ കഴിഞ്ഞ 30 വർഷത്തിനുള്ളിൽ ഇദ്ദേഹം ഇടയനായിരുന്ന 3 പള്ളികളിലും കൺവെൻഷൻ പ്രാസംഗികനായി എന്നെ ക്ഷണിച്ച് ഉപയോഗപ്പെടുത്തിയിരുന്നു. എന്നോട് അവർക്ക് വളരെയധികം സ്നേഹവും അഭിമാനവും ഉണ്ട്. ഇദ്ദേഹം അച്ചനായിരുന്ന രണ്ട് സഭകളിൽ ഇതിനു സമാനമായ രണ്ടു സംഭവങ്ങൾ എനിക്കറിയാം. അവിടങ്ങളിൽ നടന്ന തെരഞ്ഞെടുപ്പുകളിൽ വോട്ടേഴ്സ് ലിസ്റ്റിൽ നിന്നും 13 പേരെ നീക്കിയിരുന്നു. അതിന് നേതൃത്വം കൊടുത്തയാൾ തമിഴ്നാട് ഭരണകക്ഷിയിലെ ഒരു എം.എൽ.എയും വലിയ പണക്കാരനുമായ ഒരു വ്യക്തിയാണ്. അന്നു അവരുടെ നിർബന്ധത്തിന് അച്ചൻ വഴങ്ങിക്കൊടുത്തിരുന്നില്ല. അത് അന്യായമെന്ന് പള്ളിയിൽ വച്ചുതന്നെ തെളിച്ചു പറഞ്ഞ്,

ന്യായത്തിനുവേണ്ടി വാദിച്ചയാളാണ് ഈ അച്ചൻ. അതേ അച്ചൻ ഇപ്പോൾ ബിഷപ്പായപ്പോൾ അതിനു സമാനമായ വിഷയത്തിൽ ശിക്ഷിക്കപ്പെട്ടു. ബിഷപ്പ് അവർകളുടെ ഇപ്പോഴത്തെ ഈ സമീപനത്തിൽ എനിക്ക് ഏറെ ദുഃഖമുണ്ട്.

ഇതേ തൂത്തുക്കുടി ഡയോസിസിന്റെ പഴയ ബിഷപ്പ് റൈറ്റ്.റവ.ജപചന്ദ്രൻ അവർകൾ രണ്ടു കേസുകളിൽ അകപ്പെട്ടിരിക്കുന്നു. തെറ്റു ചെയ്തത് ബിഷപ്പല്ല. തന്റെ മേശപ്പുറത്ത് വച്ചുനീട്ടിയ പേപ്പറിൽ ഒപ്പിട്ടതു മാത്രമാണ് അദ്ദേഹം ചെയ്ത തെറ്റ്. ഒപ്പിടുവാൻ നിർബന്ധിച്ചവരെല്ലാം ഒതുങ്ങിയിരിക്കുന്നു. ഇപ്പോൾ പദവിയില്ലാത്ത ആ ബിഷപ്പ് കോടതി കയറിക്കൊണ്ടിരിക്കുന്നു. ഇതേ സ്ഥിതിവിശേഷമാണ് ഇപ്പോഴത്തെ ബിഷപ്പിനും സംഭവിച്ചിരിക്കുന്നത്. ഇദ്ദേഹം പുതിയ ബിഷപ്പായി ചുമതല ഏറ്റെടുത്തയുടൻ തന്നെ ഇദ്ദേഹത്തിന്റെ ചുറ്റിലുമുള്ള മാന്യമാരെക്കുറിച്ച് കത്തെഴുതി ഞാൻ ബിഷപ്പിന് മുന്നറിയിപ്പ് നൽകിയിരുന്നു.

ഏതു വിഷയത്തെക്കുറിച്ച് ഞാനെഴുതിയോ അത് തന്നെ ഇപ്പോൾ സംഭവിച്ചിരിക്കുന്നു. അച്ചനായിരിക്കുമ്പോൾ എല്ലാവരും നല്ല ദൈവഭയത്തോടെ പ്രവർത്തിച്ചു. പക്ഷേ, ബിഷപ്പായശേഷം നല്ല ആലോചനക്കാരെ കൂട്ടാതെ തെറ്റായ ആലോചനക്കാരെ കൂടെവച്ചിരിക്കുന്നു. ദൈവവചന വ്യവസ്ഥയ്ക്കു വിരുദ്ധമായി പോകുമ്പോഴുള്ള ശിക്ഷ!!

ഇതു തന്നെ തിരുനെൽവേലി ഡയോസിസിലെ പഴയ ബിഷപ്പ് റൈറ്റ്.റവ. ജെ.ജെ.ക്രിസ്തുദാസ് അവർകൾക്കും ഉണ്ടായി. വാശി കാണിക്കാതെ ഒത്തുതീർപ്പിന് വന്നിരുന്നെങ്കിൽ സി.എസ്.ഐ തകർന്നുപോകാതെ സൂക്ഷിക്കാമായിരുന്നു. അവിടെ ഇപ്പോൾ എന്താണ് സംഭവിക്കുന്നതെന്നറിയാമോ? തെക്കെ ഇന്ത്യയിലെ വലിയ ഡയോസിസായ തിരുനെൽവേലി ഡയോസിസിൽ നിന്നും അദ്ദേഹത്തെ പുറത്താക്കി. അദ്ദേഹം  ഇപ്പോൾ തീർത്തും ഒറ്റപ്പെട്ട അവസ്ഥയിലാണ്.

2018 ജൂൺ മാസം ഞാൻ അവിടെ കൺവെൻഷന് പോയിരുന്നപ്പോൾ പള്ളിയിലെ ലാസ്റ്റ് ബെഞ്ചിൽ ബിഷപ്പിന്റെ കുപ്പായവും ഇട്ടു വന്നിരുന്നത് അച്ചൻ എന്നെ കാണിച്ചു തന്നു. യോഗത്തിന്റെ ആരംഭപ്രാർത്ഥനയ്ക്കോ അവസാന പ്രാർത്ഥനയ്ക്കോ അദ്ദേഹത്തെ ആരും ക്ഷണിച്ചില്ല. അദ്ദേഹം മുഖാന്തരമായി മുഴുപട്ടം ലഭിച്ച ധാരാളം അച്ചന്മാർ അവിടെ ഉണ്ടായിരുന്നു. അതിന്റെ നന്ദിയ്ക്കായി പോലും ആ അച്ചന്മാർ ഒരു കുശലംപോലും ബിഷപ്പിനോട് പറഞ്ഞില്ല. ബിഷപ്പിനോട് സംസാരിക്കുവാൻ പോലും പലർക്കും ഭയമായിരുന്നു. ബിഷപ്പിരുന്ന സീറ്റിനടത്തുപോലും ഇരിക്കുവാൻ ആരും തയ്യാറായില്ല. ബിഷപ്പിനടുത്തിരിക്കുന്നതോ ബിഷപ്പിനോട് സംസാരിക്കുകയോ ചെയ്താൽ അത് ഭരണപക്ഷത്തിന് വെറുപ്പുണ്ടാക്കും എന്ന് പേടിച്ചാണ് ഓരോരുത്തരും ഇങ്ങനെ പെരുമാറിയത്. ഇതാണ് ബിഷപ്പിന് പദവിയിലുള്ളപ്പോഴുള്ള ബഹുമാനവും പദവി ഇല്ലാത്തപ്പോഴുള്ള ബഹുമാനവും തമ്മിലുള്ള വ്യത്യാസം.

എല്ലാ സി.എസ്.ഐ ഡയോസിസിലും ഉള്ള എല്ലാവരും അറിയുന്നതിനുവേണ്ടിയാണ് ഞാനിത് ജാമക്കാരനിൽ എഴുതുന്നത്.

അവസാനമായി തൂത്തുക്കുടി ഡയോസിസിൽ ഇപ്പോൾ നടക്കുന്ന പ്രശ്നങ്ങളും കോടതി കേസുകൾക്കും പ്രധാനകാരണം പദവിമോഹവും പദവി വെറിയുമാണ്. ഈ ഡയോസിസിൽ ആരാണ് ശത്രു? ആരാണ് സ്നേഹിതൻ? രണ്ടു പക്ഷത്തുള്ളവരും ശത്രുക്കളല്ല. രണ്ടു കൂട്ടരും ഒരേ കുടുംബത്തിൽ ചേർന്ന രക്തബന്ധമുള്ള ബന്ധുക്കളാണ്. ദൈവവേല ചെയ്യുവാനുള്ള മത്സരമല്ലയിത്. പദവിക്കുവേണ്ടിയാണ് ഈ മത്സരവും കോടതി കേസുകളും. ഇതിനെല്ലാം പ്രധാനകാരണം ഇവർക്കിത് അഭിമാനപ്രശ്നവും ഈഗോയുമാണ്. താഴ്മയും വിട്ടുവീഴ്ചയും ഇല്ലാത്തതുകൊണ്ട് കോടതിവരെ കയറേണ്ടിവരുന്നു.

അവസാനമായി ഞാൻ പറയാൻ ആഗ്രഹിക്കുന്നത് സഭ കർത്താവിന്റെ ശരീരമെന്ന് വേദപുസ്തകം പറയുന്നു. പക്ഷേ, ഇന്ന് ആ ശരീരം പല കഷണങ്ങളായി ചതഞ്ഞരഞ്ഞുകൊണ്ടിരിക്കുന്നു. ഇവർ കാരണമായി യേശുക്രിസ്തു ഇന്നും കുരിശിൽ തൂങ്ങിക്കൊണ്ടിരിക്കുന്നു. തൂത്തുക്കുടി തിരുനെൽവേലിയിലുള്ള ഒരു ചിലരെങ്കിലും മനസ്സലിഞ്ഞ് ഈ യേശുക്രിസ്തുവിനെ കുരിശിൽ നിന്നും ഇറക്കിവയ്ക്കുവാൻ ശ്രമിക്കുമോ? ഇത് എന്റെ ഒരു അപേക്ഷ മാത്രമാണ്. എല്ലാ ഡയോസിസുകൾക്കു വേണ്ടിയും ഞാൻ പ്രാർത്ഥിക്കുന്നു. എല്ലാ ജാമക്കാരൻ വായനക്കാരും ഡയോസിസുകൾക്കുവേണ്ടി നിരന്തരം പ്രാർത്ഥനയിൽ ഓർക്കേണമേ. ദൈവം തന്റെ വചനം അയച്ച് സൗഖ്യമാക്കും. ആദിമസഭയുടെ ചൈതന്യത്തിലേക്കും, ശക്തിയിലേക്കും പവിത്രതയിലേക്കും മടക്കിക്കൊണ്ടുവരും. ●

# ONLINE BANKING

**Name : Dr. M.G.E.PUSHPARAJ**

**(Overseas Doners):**

**State Bank of India - SRIRANGAPALAYAM BRANCH - SALEM -1970**

**A/c No. 10764116842, Swift code : SBININBB637**

**(India Doners): IFSC CODE : SBIN0001970- A/c No.10764116842**

**CANARA BANK, (SURAMANGALAM BRANCH) - 1219**

**(Overseas Doners): SWIFT CODE : CNRBINBBSLM - A/c No. 1219101013622**

**(India Doners): IFSC CODE : CNRB0001219 - A/c No. 1219101013622,**
**MICR CODE: 636015005.**

## നന്ദി

Bank NEFT, MO, DD ആയി നല്കിയ കൂട്ടായ്മകൾ എല്ലാം ലഭിച്ചു. നിങ്ങളെഴുതിയ എല്ലാ വിഷയങ്ങൾക്കായും ഞാൻ പ്രാർത്ഥിക്കുന്നു. തുടർന്നും പ്രാർത്ഥിക്കും.

# *ദൈവത്തിന്റെ സ്വന്തം നാടിനെ ദൈവം തന്നെ കൈവിടുമോ?*

*കേരളമണ്ണിൽ ഇതുവരെ കേട്ടുകേൾവിയില്ലാത്ത പ്രകൃതിദുരന്തം വെള്ളത്തിലൂടെ കടന്നുവന്നു. മഴയുടെ അസാധാരണ അളവിലൂടെ കേരളം ഇതുവരെ കാണാത്ത വെള്ളപ്പൊക്കത്തിനടിയിലായി. കേരളത്തിന്, ദൈവത്തിന്റെ സ്വന്തം നാട് എന്ന പേരുണ്ട്. പച്ചപ്പ് നിറഞ്ഞ, തിങ്ങിയ മലകളും കുന്നുകളും താഴ്വരകളും പക്ഷികളുടെ കളകൂജനവും എവിടെയും ഒരു രമണീയത. ഇതു കണ്ട് ആസ്വദിച്ച മുൻ ടൂറിസം ഡയറക്ടർ ഒരു ലോഗോയായി പ്രസിദ്ധപ്പെടുത്തി "ദൈവത്തിന്റെ സ്വന്തം നാട്."*

*പ്രളയത്താൽ വീടുകൾ നഷ്ടപ്പെട്ടു; കൃഷി സ്ഥലങ്ങൾ നശിച്ചു, നൂറുകണക്കിന് പേർ മരിച്ച്, അനേകം പേർ കാണാതെ പോയി, ഉള്ളതെല്ലാം നഷ്ടപ്പെട്ടു; ഇങ്ങനെ കഷ്ടത്തിലായിരിക്കുന്ന ഏവർക്കും എന്റെ പേരിലും ജാമക്കാരന്റെ പേരിലുമുള്ള വേദന അറിയിക്കുന്നു.*

*ഇത്ര വളരെയുള്ള നഷ്ടം കഴിഞ്ഞ 100 വർഷത്തെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതിനു മുമ്പ് ഇതിന് തത്തുല്യമായ ദുരന്തമുണ്ടായപ്പോൾ ഗാന്ധിജി അവർകൾ പൊതുജനങ്ങളിൽ നിന്ന് തുകകൾ സ്വീകരിച്ച് 7000 (ഏഴായിരം) രൂപ (ഇന്നത്തെ ഏഴുകോടിക്കു മുകളിൽ) നല്കി. കേരളത്തിന്റെ അയൽസംസ്ഥാനമായ തമിഴ്നാട് തുടങ്ങി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും സഹായം ഒഴുകിയെത്തിക്കൊണ്ടിരിക്കുന്നു. എങ്കിലും പഴയ സ്ഥിതിയിൽ പുനർസൃഷ്ടി നടത്തുവാൻ കുറഞ്ഞത് 3 വർഷമെങ്കിലും വേണ്ടിവരുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.*

*ഇത്ര വലിയ ദുരന്തത്തിന് കാരണമെന്ത്?*

*ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളേക്കാൾ ഇവിടെയുള്ള ഭൂരിപക്ഷം ജനങ്ങളും വിദ്യാഭ്യാസമുള്ളവരും, ജോലികളുള്ളവരും, വിദേശ ബന്ധങ്ങളുള്ളവരും, സമ്പത്തുള്ളവരുമാണ്. സംതൃപ്ത ജീവിതം നയിക്കുന്നവരുമാണ്. വിദേശ രാജ്യങ്ങളിൽ നിന്നുള്ള കൂടുതൽ തുക* MO *ബാങ്കുവഴി എത്തുന്ന സംസ്ഥാനം കേരളമാണ്. മറ്റ് സംസ്ഥാനങ്ങളെ താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ ഭിക്ഷക്കാരുടെ എണ്ണം കുറവാണ്. സമ്പത്തുള്ളവരും ഇല്ലാത്തവരും തമ്മിൽ വലിയ അന്തരമില്ലാത്ത സംസ്ഥാനമാണ് കേരളം.*

*എന്നാൽ ഇക്കഴിഞ്ഞ ആഗസ്റ്റ് മാസം 8-ാം തിയതി എല്ലാം താറുമാറായി. വീടും, കൃഷിയും മറ്റുള്ള സമ്പത്തുകൾ അസാധുക്കളായി മാറി. സാധുക്കൾ ദരിദ്രന്മാരായി മാറി. ഈയൊരു അവസ്ഥയ്ക്ക് എന്താണ് കാരണം?*

*ഇന്ത്യയിൽ ആദ്യമായി സുവിശേഷം ലഭിച്ചത് കേരളത്തിനാണ്. അപ്പോസ്തലനായ തോമസ് നിർമ്മല സുവിശേഷം (ഇന്ന് കേൾക്കുന്ന മായം ചേർന്ന സുവിശേഷമല്ല). അറിയിച്ച് വിശ്വസിച്ചവരെ, രക്ഷിക്കപ്പെട്ടവരെ ക്രിസ്തു ശിഷ്യരാക്കി (ഇന്നത്തെ 'മായ' സുവിശേഷം ഉല്പാദിപ്പിക്കുന്ന 'വിശ്വാസികളെയല്ല). ക്രിസ്തു*

*ശിഷ്യൻ മറ്റുള്ളവരെ പിടിക്കുന്നവരായി, ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുന്നവരായി മാറി. ദൈവം തന്റെ മഹിമാധനത്തിന് ഒത്തവണ്ണം അവരെ അനുഗ്രഹിച്ചു.*

*തലമുറകൾ നീങ്ങി. സത്യവചനവും നിർമ്മല സുവിശേഷവും പഥ്യോപദേശവും എങ്ങോ പോയ് മറഞ്ഞു. മാർഗ്ഗം മതമായി അധഃപതിച്ചു. ക്രിസ്തു ജീവിതത്തിൽ വെളിപ്പെടേണ്ടതിന് പകരം പേരുകളിൽ മാത്രമായി മാറി. പേരുകൊണ്ട് ക്രിസ്ത്യാനികളും പ്രവൃത്തികൊണ്ട് മറ്റുള്ളവരെപ്പോലെയായി.*

*ദൈവരാജ്യവ്യാപ്തി (ആത്മാക്കളുടെ രക്ഷ) എന്നത് പള്ളി പണിയലും, കോട്ടക്കൊത്തളങ്ങൾ പണിയലും ചടങ്ങുകളും ആയി മാറി. സ്വർഗ്ഗത്തിൽ വീടുണ്ടോ എന്ന ചിന്തമാറി ഇവിടെ മണിമാളികകൾ കോടികൾക്കു കൊണ്ടു പണിതു കൂട്ടി. അഹങ്കാരത്തിന്റെ പാരമ്യത്തിലെത്തി. വചനമോ, അതിന്റെ അർത്ഥമോ എന്തെന്ന് അറിയാത്ത സ്ഥിതിയിലായി. കൺവെൻഷനുകളും, യോഗങ്ങളും, ക്യാമ്പുകളും ഒത്തുകൂടതൽ വേളകളും പെണ്ണുകാണൽ ചടങ്ങിനുള്ള വേദികളുമായി.*

*ദൈവവേലക്കാർ സുഖത്തിന്റെ, ആഡംബരത്തിന്റെ സുഖസുക്ഷുപ്തിയിൽ ആറാടി, നീറാടി, ഉണ്ട് ഉറങ്ങി. ഇടയന്റെ വഴിയിൽ കുഞ്ഞാടുകളും പോയി.*

*പഴയനിയമകാലത്ത് തന്റെ ജനം ദൈവവചനത്തെ വിട്ടുമാറിയപ്പോഴെല്ലാം തന്റെ ജനത്തിനെതിരായി ശത്രുക്കളെ ദൈവം തന്നെ എഴുന്നേല്പിക്കും. ഫെലിസ്ത്യർ, അമോര്യർ, ഈജിപ്റ്റുകാർ ആ പട്ടിക നീണ്ടതാണ്. ശത്രുക്കളുടെ ഹൃദയം കഠിനമാക്കിയതും ദൈവം തന്നെയാണ്. തന്റെ ജനത്തെ കാട്ടുമൃഗങ്ങളെക്കൊണ്ടും വിഷപ്പാമ്പുകളെക്കൊണ്ടും ഉപദ്രവിച്ചു. എന്തുകൊണ്ട് കർത്താവിന് ദേഷ്യമുണ്ടായി? കോപമുണ്ടായി? വിഷമം ഉണ്ടായി? അടിസ്ഥാന കാരണം : "അനുസരണമില്ലായ്മ" യാണ്. തന്റെ വചനത്തെ മറന്ന് (അനുസരിക്കാതെ) തങ്ങളുടെ വഴികളിൽ നടക്കുമ്പോഴാണല്ലോ ദൈവം ഇങ്ങനെ പ്രവർത്തിച്ചിട്ടുണ്ട്.*

*കേരളത്തിലെ മറ്റു മതക്കാരുടെയോ, നാസ്തികരുടെയോ പ്രവൃത്തികളോ, നാമധേയ ക്രിസ്ത്യാനികളുടെ (ക്രിസ്തു മതക്കാരുടെ) പ്രവൃത്തികളോ അല്ല, ഈ ദുരന്തങ്ങൾക്കു കാരണം. മറിച്ച്, എന്റെ ജനം എന്ന് ദൈവം അഭിമാനം കൊള്ളുന്ന - വീണ്ടും ജനിച്ച - ദൈവമക്കളാണ് - കാരണം. ദൈവമക്കൾ ദൈവത്തെയും, ദൈവവചനത്തെയും, നശിച്ചുപോകുന്ന ആത്മാക്കളെയും, നിത്യതയെയും മറന്നതിനാൽ വന്ന ഫലമാണ് ഈ ദുരന്തം.*

*പഴയനിയമകാലത്ത് ജനങ്ങൾ വേദന അനുഭവിച്ചപ്പോഴൊക്കെ, മനം തിരിഞ്ഞ്, ദൈവമിഷ്ടമില്ലാത്ത പ്രവൃത്തികൾ ഉപേക്ഷിച്ച് തങ്ങളെ താഴ്ത്തി, ഉപവസിച്ച്, കരഞ്ഞ് പ്രാർത്ഥിച്ചപ്പോൾ, പുതിയ തീരുമാനങ്ങൾ വചനവ്യവസ്ഥ പ്രകാരം എടുത്തപ്പോൾ ദൈവം അവരോട് ക്ഷമിച്ച് നഷ്ടപ്പെട്ടതെല്ലാം അവർക്ക് തിരിച്ച് നല്കി. യെഹസ്കേൽ 22:30 ൽ പറയുന്ന പ്രകാരം "ദേശത്തെ നശിപ്പിക്കാതിരിക്കേണ്ടതിന് ഇടിവിൽ നില്ക്കാൻ ഒരു പുരുഷനെത്തേടി. ഒരുവനെയും കണ്ടില്ലതാ*

നും.” തങ്ങൾക്കായല്ല “കർത്താവിനായി” ജീവിക്കുന്ന, വിശ്വസിക്കുന്ന, പ്രാർത്ഥിക്കുന്ന വ്യക്തികളെ ദൈവം തിരയുന്നു. യെഹ 9:4 ൽ പറയുംപോലെ - ദേശത്തിൽ നടക്കുന്ന മ്ലേച്ഛതകൾ കൊണ്ട് “കരയുന്നവരുടെ മേൽ” അടയാളമിടുക, എന്ന് കർത്താവ് കല്പിക്കുന്നു. ആ “അടയാള വാഹി” യാകുവാൻ ഇന്നും കർത്താവ് വ്യക്തികളെ തെരയുന്നു.

യോനയുടെ കപ്പൽ മുങ്ങാൻ തുടങ്ങി. കപ്പിത്താൻ എല്ലാവരോടും പ്രാർത്ഥിക്കുവാൻ പറഞ്ഞു. പ്രാർത്ഥനകളും തുടങ്ങി. പക്ഷേ കൊടുങ്കാറ്റും തിരമാലകളും അടങ്ങിയില്ല; മറിച്ച് പെരുകി. പക്ഷേ യോനാ തന്റെ ജീവിതലക്ഷ്യവും, മാർഗ്ഗവും തിരിച്ചറിഞ്ഞ് തന്റെ തെറ്റിന് അനുതപിച്ചപ്പോൾ, നിലവിളിച്ചപ്പോൾ കാറ്റും കോളും അടങ്ങി, പ്രകൃതി ശാന്തമായി.

ഈ നാളുകൾ വീണ്ടും ജനിച്ച ദൈവമക്കൾ തങ്ങളെത്തന്നെ ശോധന ചെയ്ത് ഇനി “കർത്താവിനായി ജീവിക്കാം” എന്ന തീരുമാനമെടുത്ത ശേഷം കരഞ്ഞ്, ഉപവസിച്ച് അനുതപിച്ച് പ്രാർത്ഥിക്കുമെങ്കിൽ ദൈവം പ്രകൃതിയും (മനുഷ്യമനസ്സുകളെ സത്യദൈവത്തിങ്കലേയ്ക്കും) നിയന്ത്രിക്കും. വീണ്ടും ജനിച്ചവൽക്കും പ്രവൃത്തിച്ചു കൊണ്ട് കേരളം മാറും. കേരളം ദൈവത്തിന്റെ സ്വന്തം നാടാകം (വീണ്ടും ജനിച്ചവരുടെ നാടാകും). കേരള ക്രിസ്ത്യാനികളിൽ രണ്ടു കൂട്ടരുണ്ട്. ഭൂരിപക്ഷംപേരും പേരിൽ ക്രിസ്ത്യാനികളും വാക്കിലും പ്രവൃത്തിയിലും ലോക മനുഷ്യരെപ്പോലെയുമാണ്. ഇവർ വീണ്ടും ജനിക്കാത്തവരാണ്. ഒരു ന്യൂനപക്ഷം വീണ്ടും ജനിച്ചവരാണ്. പക്ഷേ അവരും മറ്റുള്ളവരെപ്പോലെ പേരിനു പെരുമയും സമ്പത്തിനും പദവിക്കും വേണ്ടിയുള്ള നെട്ടോട്ടത്തിലാണ്.

കർത്താവ് പറഞ്ഞു : “10 നീതിമാന്മാരുണ്ടെങ്കിൽ ഈ പട്ടണത്തെ നശിപ്പിക്കയില്ല” അതേ കേരളത്തിൽ, വീണ്ടും ജനിച്ച 10 നീതിമാന്മാരെ തേടി, കണ്ടെത്തിയില്ല” അതിനാൽ നശിപ്പിച്ചു. വീണ്ടും ജനിച്ചവർ ദൈവമക്കൾ എന്ന് പറഞ്ഞവർ തങ്ങൾക്കുവേണ്ടി ജീവിക്കുന്ന ജീവിതം അവസാനിപ്പിച്ച് തങ്ങളെ വീണ്ടെടുത്ത നാഥന്റെ വചനത്തിലേക്കു, കൃപയിലേക്കും, പഥ്യോപദേശത്തിലേക്ക്, ആത്മാക്കളെ നേടേണ്ടതിന്, നിത്യതയിലേക്കു ഒരുക്കേണ്ടതിന് മടങ്ങിവരൂ!

ഇങ്ങനെ മാനസാന്തരപ്പെട്ടവർ, ഏകചിന്തയുള്ളവർ ആദ്യം പ്രാർത്ഥനയ്ക്കും, ഉപവാസപ്രാർത്ഥനയ്ക്കും, മുഴുരാത്രി പ്രാർത്ഥനകൾക്കും ചങ്ങല പ്രാർത്ഥനകൾക്കും ഒത്തുകൂടൂ. 2 ദിന 7:14 ൽ പറയുന്ന പ്രകാരം “ എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടുതിരിയുമെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിനു സൗഖ്യം വരുത്തിക്കൊടുക്കും.” കേരളത്തിന് ആദ്യം ആത്മീയ ക്ഷേമവും, സൗഖ്യവും ദൈവം നല്കും! പിന്നെ ഇഹപരമായുള്ളതും!

# രക്ഷ - അത് എത്രയും അനിവാര്യം ! നിങ്ങൾ രക്ഷിക്കപ്പെടുന്നുവോ?

*ആമുഖം*

*പാപക്കുഴിയിൽ വീണുപോയ മാനവജനതയ്ക്ക് അവിടെ നിന്ന് തനിയെ രക്ഷപ്പെടാനാകില്ല. അത്ര ആഴമുള്ളതാണ് ആ കുഴി. മാത്രമല്ല പാപം കുഴഞ്ഞ ചെളിപോലെയാണ്. മുകളിൽ വരാൻ ശ്രമിക്കുംതോറും താണുപോകുന്ന അവസ്ഥ.*

*മതങ്ങളും തത്വചിന്തകളും ഒരളവുവരെ മനുഷ്യൻ തനിയെ രക്ഷപ്പെടുവാൻ വഴികൾ ഉപദേശിക്കുന്നവയാണ്. പലരും ആ വഴികൾ ആത്മാർത്ഥമായി പരിശ്രമിക്കുന്നു. പക്ഷേ ഫലമോ നാസ്തി.*

*ഇങ്ങനെ പരിതാപം പൂണ്ട് കിടക്കുന്ന മനുഷ്യനെ (താങ്കളെ) അവിടെ നിന്ന് കരകയറ്റുവാൻ ദൈവം തന്നെ തയ്യാറാക്കിയ സ്നേഹപദ്ധതിയാണ് രക്ഷയും വീണ്ടെടുപ്പും. ലഭിക്കേണ്ട ന്യായമായ ശിക്ഷയിൽ നിന്നും, വിധിയിൽ നിന്നും രക്ഷിച്ചു പുതിയ ഒരു ലോകത്ത്, പുതിയ ഒരു ക്രമത്തിൽ കൊണ്ടെത്തിക്കുന്ന പ്രക്രിയയാണ് (2 കൊരി 5:17) വീണ്ടെടുപ്പ്.*

*രക്ഷയ്ക്ക് അടിസ്ഥാനം ദൈവവചനമാണ് (1 പത്രോസ് 1:23). ദൈവവചനം നിങ്ങളുടെ ജീവിതത്തിന്റെ, രക്തപരിചംക്രമണ വ്യവസ്ഥയുടെ ഭാഗമാകുമ്പോൾ രക്ഷ നിങ്ങളുടെ ഭാഗമായിത്തീരും. എന്താണ് രക്ഷയുടെ വീണ്ടെടുപ്പിന്റെ പ്രാധാന്യം? അത് നിങ്ങൾ സ്വന്തമാക്കേണ്ട ആവശ്യമുണ്ടോ? വരൂ....ദൈവവചനത്തിന്റെ വിശാലമായ മേച്ചിൽപുറങ്ങളിലേക്ക്. നിങ്ങൾ ആത്മാർത്ഥമായി ഈ പാതയിലൂടെ കടന്നു വരുമെങ്കിൽ കർത്താവ് താൻ രക്ഷ, വീണ്ടെടുപ്പ് എന്നിവകൊണ്ട് അലങ്കരിക്കും.*

*രക്ഷയും അതിന്റെ അനന്തരഫലങ്ങളും കൊണ്ട് അലംകൃതമായ ദൈവവചന വീഥിയിലേക്കു സ്വാഗതം! വരൂ! വരൂ!*

*രക്ഷ പഴയനിയമത്തിൽ*

*ഭൗതികവും ആത്മീയവുമായ വിടുതലിനെ കുറിക്കുവാൻ രക്ഷ എന്ന പദം പഴയനിയമത്തിൽ പ്രയോഗിച്ചിട്ടുണ്ട്. ദൈവം തന്റെ ഭക്തരെ ശത്രുക്കളിൽ നിന്നും ദുഷ്ടന്മാരുടെ കെണികളിൽ നിന്നും രക്ഷിക്കുന്നു (സങ്കീ 37:20, 59:2, 106:5). യഹോവ തന്റെ ആട്ടിൻകൂട്ടത്തെ രക്ഷിക്കുന്നു (യെഹ 34:22), സ്വന്തജനത്തെ രക്ഷിക്കുന്നു (ഹോശെ 1:7), പിതാക്കന്മാരെ മിസ്രയീമിൽ നിന്നും രക്ഷിച്ചു (സങ്കീ 106:7-10). മറ്റാരും സഹായിക്കാനില്ലാത്ത എളിയവരെ അവൻ രക്ഷിക്കുന്നു (സങ്കീ 34:6). ആത്മീയമായി പാപം മോചിച്ചും, സന്തോഷവും സമാധാനവും നല്കിയും പ്രാർത്ഥനയ്ക്കുത്തരം അരുളിയും ദൈവം രക്ഷിക്കുന്നു (സങ്കീ 79:9, 69:13, 51:12).*

*മനുഷ്യനു രക്ഷയ്ക്കു വേണ്ട ക്രമീകരണങ്ങൾ ചെയ്തത് ദൈവം തന്നെയാണ്. രക്ഷ ദൈവത്തിന്റെയും ദൈവത്തിൽ നിന്നുള്ളതുമാണ്. (സങ്കീ 3:8, 62:1, യെശ 45:22). 'എന്റെ രക്ഷയുടെ ദൈവം' എന്നു അവകാശബോധത്തോടെ പ്രവാചകന്മാർ ദൈവത്തെ വെളിപ്പെടുത്തി (ഹബ 3:18, മീഖാ 7:7). 'രക്ഷ യഹോവയ്ക്കുള്ളതാകുന്നു; നിന്റെ അനുഗ്രഹം നിന്റെ ജനത്തിന്മേൽ വരുമാറാകട്ടെ' (സങ്കീ 3:8). "എന്റെ ഉള്ളം ദൈവത്തെ നോക്കി മൗനമായിരിക്കുന്നു; എന്റെ രക്ഷ അവങ്കൽ നിന്നു വരുന്നു' (സങ്കീ 62:1).*

രക്ഷയെക്കുറിച്ചുള്ള പഴയനിയമ വെളിപ്പാടിന്റെ സാരം മോശെയുടെ വാക്കുകളിൽ സൂചിതമാണ്. 'ഭയപ്പെടേണ്ടാ, ഉറച്ചുനില്പിൻ; യഹോവ ഇന്നു നിങ്ങൾക്കു ചെയ്‌വാനിരിക്കുന്ന രക്ഷ കണ്ടുകൊൾവിൻ' (പുറ 14:13).

രക്ഷ പുതിയനിയമത്തിൽ

പുതിയനിയമത്തിൽ 'രക്ഷ' കൊണ്ടുദ്ദേശിക്കപ്പെടുന്നത് "പാപത്തിന്റെ ശക്തിയിൽ നിന്നും അധികാരത്തിൽ നിന്നും ഉള്ള വിടുതലാണ്." പൂർണ്ണമായ രക്ഷയ്ക്കും, രക്ഷയുടെ വ്യത്യസ്ത അംശങ്ങൾക്കും 'രക്ഷ' എന്ന പദം പ്രയോഗിച്ചിട്ടുണ്ട്. രക്ഷ എന്ന പദത്തിന്റെ അർത്ഥാന്തരങ്ങൾ ഇവയാണ്:

(1) ക്രിസ്തു. രക്ഷാനായകനായ ക്രിസ്തുവിനെ രക്ഷ എന്നു വിളിക്കുന്നു. മനുഷ്യന്റെ രക്ഷയ്ക്കാവശ്യമായതെല്ലാം നിവർത്തിച്ചു ക്രിസ്തുവിനു രക്ഷ എന്ന നാമം യുക്തം തന്നേ. ശിശുവായ യേശുവിനെ കൈയിൽ വഹിച്ചുകൊണ്ട് ശിമ്യോൻ പറഞ്ഞു: 'നിന്റെ രക്ഷയെ എന്റെ കണ്ണു കണ്ടുവല്ലോ' (ലൂക്കോ 2:31). ക്രിസ്തുവിനെ രക്ഷാനായകൻ എന്നും (എബ്രാ 2:10) വിളിച്ചിട്ടുണ്ട്.

(2) ആത്മരക്ഷ. വീണ്ടും ജനിക്കുന്ന സമയത്ത് ആത്മാവു രക്ഷിക്കപ്പെട്ടു പാപത്തിന്റെ ശിക്ഷയിൽ നിന്നു മുക്തമാകുന്നു. 'ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ ശരീരം പാപം നിമിത്തം മരിക്കേണ്ടതെങ്കിലും ആത്മാവ് നീതിനിമിത്തം ജീവനാകുന്നു' (റോമ 8:10, എഫെ 2:4, 8) രക്ഷിക്കപ്പെട്ടിരിക്കുന്നു, രക്ഷിക്കപ്പെട്ടിരിക്കുന്നത് എന്നിങ്ങളെ ഭൂതകാലത്തിൽ പറഞ്ഞിരിക്കുന്ന വചനങ്ങൾ ഒരിക്കലും ആത്മാവിന്റെ രക്ഷ അഥവാ നീതീകരണത്തെ വ്യഞ്ജിപ്പിക്കുന്നതാണ്.

(3) പ്രാണന്റെ രക്ഷ അഥവാ ദേഹിരക്ഷ. 1 പത്രൊ 1:9-ൽ പ്രാണന്റെ രക്ഷയ്ക്കും രക്ഷ എന്നു പറഞ്ഞിരിക്കുന്നു. മലയാളത്തിൽ 'ആത്മ' എന്നു പരിഭാഷ. ഗ്രീക്കിൽ ദേഹിയുടെ രക്ഷ എന്നാണ്.

(4) ശരീരത്തിന്റെ രക്ഷ അഥവാ തേജസ്കരണം. നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ നമുക്കു അധികം അടുത്തിരിക്കുന്നു (റോമ 13:11) എന്നത് ശരീരത്തിന്റെ തേജസ്ക്കരണത്തെയാണ് വിവക്ഷിക്കുന്നത്. ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വത്തിനു കാത്തുകൊണ്ടു ഉള്ളിൽ ഞരങ്ങുന്നു (റോമ 8:23).

(5) സമ്പൂർണ്ണ രക്ഷ. രക്ഷാപൂർത്തി എന്ന് എബ്രാ 11:40-ൽ പറഞ്ഞിരിക്കുന്നത് സമ്പൂർണ്ണ രക്ഷയെയാണ്. ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുന്ന (1 തെസ്സ 5:23) തിനെ കാണിക്കുന്നു.

(6) ഓരോ ദിവസം ജീവിതത്തോടു കൂടി നല്കി രക്ഷപ്പെടുന്നതിനു നല്കുന്ന അവസരം : 'നമ്മുടെ കർത്താവിന്റെ ദീർഘക്ഷമയെ രക്ഷ എന്നു വിചാരിപ്പിൻ' (2 പത്രൊ 3:14).

രക്ഷ ദൈവത്തിൽ നിന്ന്

രക്ഷയിൽ പിതാവും പുത്രനും പരിശുദ്ധാത്മാവും ഭാഗഭാക്കുകളാണ്. പിതാവ് രക്ഷ വിധിക്കുന്നു; പുത്രൻ ലഭ്യമാക്കുന്നു. പരിശുദ്ധാത്മാവ് വ്യക്തിയിൽ പ്രായോഗികമാക്കുന്നു. രക്ഷയുടെ അടിസ്ഥാനം ക്രിസ്തുവിന്റെ ക്രൂശുമരണവും, രക്ഷയുടെ ഉപാധി വിശ്വാസവും, വിശ്വാസത്തിന്റെ വിഷയം ദൈവവും, രക്ഷിക്കപ്പെടുന്നതു കൃപയാലുമാണ്. രക്തം ചൊരിഞ്ഞിട്ടില്ലാതെ വിമോചനമില്ല (എബ്രാ 9:22) എന്നതാണ് ദൈവത്തിന്റെ നിയമം. പുത്രന്റെ മരണത്തിലൂടെയാണ് ദൈവം തന്റെ രക്ഷാകര പ്രവർത്തനം നിർവ്വഹിച്ചിരിക്കുന്നത്. പാപത്തിനു പ്രായശ്ചിത്തം ആകുന്നതിനു വേണ്ടി ദൈവം സ്വപുത്രനെ നല്കി; കാൽവരിക്രൂശിൽ അവനെ തകർത്തുകളഞ്ഞു (യെശ 53:10).

പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിനു അവൻ നമുക്കു വേണ്ടി പാപം ആക്കി (2 കൊരി 5:21).

ദൈവത്തിന്റെ വിശുദ്ധിക്കു വിരുദ്ധമായ പാപം ക്രിസ്തുവിലൂടെ മാറ്റപ്പെട്ടു. ദൂരസ്ഥനായിരുന്ന മനുഷ്യൻ ക്രിസ്തുവിൽ ക്രിസ്തുവിന്റെ രക്തം മൂലം ദൈവത്തിനു സമീപസ്ഥനായി.

ദൈവവുമായി 'ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്കകൊണ്ട് വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിനു പ്രസാദം തോന്നി. യെഹൂദന്മാർ അടയാളെ ചോദിക്കയും യവനന്മാർ ജ്ഞാനം അന്വേഷിക്കയും ചെയ്യുന്നു; ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു' (1 കൊരി 1:21-23, റോമ 10:8-14, 1 തെസ്സ 1:4).

രക്ഷ നൈതികവും ആത്മീകവുമാണ്. കുറ്റബോധത്തിൽ നിന്നും (റോമ 5:1, എബ്രാ 10:22). ന്യായപ്രമാണത്തിൽ നിന്നും അതിന്റെ ശാപത്തിൽ നിന്നും (ഗലാ 3:13, കൊലൊ 2:14). മരണത്തിൽ നിന്നും (1 പത്രൊ 1:3-5, 1 കൊരി 15:51-56) ന്യായവിധിയിൽ നിന്നും (എബ്രാ 9:27) മരണഭയത്തിൽ നിന്നും (എബ്രാ 2:15) അടിമത്തത്തിൽ നിന്നും (ഗലാ 5:1) ഉള്ള വിടുതലാണ് രക്ഷ.

രക്ഷയ്ക്കു യുഗാന്ത്യസ്വഭാവമുണ്ട്. പാപത്തിൽ നിന്നും അതിന്റെ അനന്തരഫലങ്ങളിൽ നിന്നുമുള്ള പൂർണ്ണമായ വിമോചനമാണ് രക്ഷ. വിധായകമായി ക്രിസ്തുവിൽ സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹങ്ങളും (എഫെ 1:3) പരിശുദ്ധാത്മാവിന്റെ ദാനവും (റോമ 5:1) വരുംകാലങ്ങളിൽ അഥവാ ഭാവിയിൽ തേജസ്ക്കരിക്കപ്പെട്ട ശരീരത്തിൽ (റോമ 8) സൗഭാഗ്യജീവിതവും രക്ഷ പ്രദാനം ചെയ്യുന്നു. കർത്താവിന്റെ പ്രത്യക്ഷതയിൽ ശരീരത്തിന്റെ തേജസ്ക്കരണത്തോടൊപ്പം അനുഭവവേദ്യമാകുന്ന രക്ഷാപൂർത്തിയുടെ മുൻരുചി മാത്രമാണ് വർത്തമാനകാലത്ത് നാം രക്ഷയിലൂടെ അനുഭവിക്കുന്നത്.

ഈ രക്ഷ താങ്കൾ സ്വന്തമാക്കിയിട്ടുണ്ടോ? ഇല്ലെങ്കിൽ വരൂ, പ്രകാശത്തിലൂടെ നമുക്ക് നോക്കാം!

### രക്ഷ - വ്യക്തിപരമായി സ്വന്തമാക്കൽ

'രക്ഷ' എന്ന പദംകൊണ്ട് വേദപുസ്തകം അർത്ഥമാക്കുന്നത് വ്യക്തിയുടെ 'ആത്മരക്ഷ' യാണ്. ബൈബിളിൽ ഉല്പത്തി പുസ്തകത്തിൽ 'വീണുപോയ' (പാപം ചെയ്ത) മനുഷ്യന്റെ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. വീണുപോയ മനുഷ്യനെ വീണ്ടെടുക്കുന്നതിനുള്ള ദൈവീകപദ്ധതിയെക്കുറിച്ചുള്ള വാഗ്ദാനവും അവിടെ (ഉല്പത്തി 3:15)കാണാവുന്നതാണ്.

പുതിയനിയമ വിശദീകരണം ശ്രദ്ധിക്കുക 'അതുകൊണ്ട് ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു' 'പാപത്തിന്റെ ശമ്പളം മരണ' മെന്ന് വചനം പ്രസ്താവിക്കുന്നു. 'നീതിമാൻ ആരുമില്ല, ഒരുത്തൻ പോലുമില്ല' എന്നാണ് വചനം. 'അശുദ്ധനിൽ നിന്നു ജനിച്ച വിശുദ്ധൻ ഉണ്ടോ? ഒരുത്തനുമില്ല' 'മനുഷ്യൻ ശുദ്ധിമാനായിരിക്കുന്നത് എങ്ങനെ?' 'ഒരു വ്യത്യാസവും ഇല്ല. എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു' (റോമർ 3:25) വെന്ന് വചനം വ്യക്തമാക്കിയിരിക്കുന്നു. ഈ വേദപ്രസ്താവനകൾ ഒരു സത്യം ചൂണ്ടിക്കാണിക്കുന്നു. നാം ഉൾപ്പെടെ എല്ലാവരും പാപികളാണ് എന്ന സത്യം. 'രക്ഷ' ആവശ്യമായിരിക്കുന്നത് പാപികൾക്കാണ്. അതായത് നാം ഉൾപ്പെടുന്ന മനുഷ്യവർഗ്ഗത്തിന്. 'രക്ഷ' ആവശ്യമില്ലാത്ത ആരും മനുഷ്യവർഗ്ഗത്തിൽ ഇല്ല എന്നതാണ് സത്യം.

'വീണുപോയ മനുഷ്യനെ വീണ്ടെടുക്കുന്നതിനുള്ള (രക്ഷിക്കുന്നതിനുള്ള) ദൈവീകപദ്ധതിയുടെ വാഗ്ദത്തം നിറവേറ്റിയത് സ്ത്രീയുടെ സന്തതിയായി ജനിച്ച ക്രിസ്തുവിന്റെ കാൽവറി ക്രൂശിലെ മരണത്തിലാണ്. 'യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു' വെന്നാണ് വചനം (യോഹന്നാൻ 1:7-9) എഴുതിയത്. ക്രിസ്തുവിന്റെ രക്ഷാകര പദ്ധതിയെക്കുറിച്ച് വചനം വിശദീകരിക്കുന്നതു ശ്രദ്ധിക്കുക, 'അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ നീതികരിക്കപ്പെടുന്നത്. വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിർത്തിയിരിക്കുന്നു. ദൈവം തന്റെ പൊറുമയിൽ മുൻകഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാതെ വിടുക നിമിത്തം തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ താൻ നീതിമാനും യേശുവിൽ വിശ്വസിക്കുന്നവനെ നീതീകരിക്കുന്നവനും ആകേണ്ടതിന് ഇക്കാലത്ത് തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ തന്നെ അങ്ങനെ ചെയ്തത്.' കാൽവറി ക്രൂശിൽ രക്തം ചൊരിഞ്ഞ് ദൗത്യത്തെ വിശ്വസിക്കുന്നവർക്കാണ് രക്ഷ. ക്രിസ്തുവിലൂടെ പാപിക്ക് രക്ഷ ലഭിക്കുക. രക്ഷകൻ ക്രിസ്തുമാത്രമാണെന്ന് പത്രോസ് പ്രസ്താവിക്കുന്നു. 'നിങ്ങൾ ക്രൂശിച്ചവനും ദൈവം മരിച്ചവരിൽ നിന്നു ഉയിർപ്പിച്ചവനുമായി നസ്രായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ തന്നെ ഇവൻ സൗഖ്യമുള്ളവനായി നിങ്ങളുടെ മുമ്പിൽ നില്ക്കുന്നു എന്ന് നിങ്ങൾ എല്ലാവരുടെ യിസ്രായേൽ ജനം ഒക്കെയും അറിഞ്ഞുകൊൾവിൻ. വീടു പണിയുന്നവരായ നിങ്ങൾ തള്ളിക്കളഞ്ഞിട്ട് കോണിന്റെ മൂലക്കല്ലായിത്തീർന്ന കല്ലു ഇവൻ തന്നെ. മറ്റൊരുത്തനിലും രക്ഷ ഇല്ല. നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല' ക്രിസ്തുമാർഗ്ഗം (അപ്പോ.പ്ര.4:12). ഏക രക്ഷകനും ഏക രക്ഷാമാർഗ്ഗവും - ഇതാണ് ബൈബിൾ വെളിപ്പെടുത്തിയ മഹത്തായ സത്യം. മറ്റ് മതങ്ങളിൽ നിന്ന് ക്രിസ്തുമാർഗ്ഗം (ക്രിസ്തുമതമല്ല) വ്യക്തമാക്കപ്പെടുന്നത് ഇവിടെയാണ്.

മനുഷ്യൻ സ്വന്ത ബുദ്ധിയിൽ ആശ്രയിച്ച് ആത്മരക്ഷയ്ക്കുവേണ്ടി വിവിധ മാർഗ്ഗങ്ങൾ പരീക്ഷിച്ചുനോക്കാറുണ്ട്. അവയ്ക്ക് പാപമോചനം നല്കുവാൻ, ആത്മരക്ഷ നൽകുവാൻ കഴിയുമോ? ഇവയാണ് ചില മാർഗ്ഗങ്ങൾ, ഒന്ന് : പാരമ്പര്യം രണ്ട് : ന്യായപ്രമാണം. മൂന്ന് : യാഗങ്ങൾ, നാല് : നീതിപ്രവൃത്തികൾ, ഇനി ഇവയെപ്പറ്റി ദൈവവചനം എന്തു പറയുന്നുവെന്നു നോക്കാം.

(1) പാരമ്പര്യം : 'വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്ന് നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ.' രക്ഷയ്ക്കു പാരമ്പര്യം സഹായകമല്ല. പാരമ്പര്യം രക്ഷയല്ല. രക്ഷയ്ക്ക് അഴിഞ്ഞുപോകുന്ന വെള്ളി, പൊന്ന് എന്നീ വസ്തുക്കളും സഹായകമല്ല. ക്രിസ്തു എന്ന കുഞ്ഞാടിന്റെ രക്തമാണ് രക്ഷ സാദ്ധ്യമാക്കുന്നത്.

(2) ന്യായപ്രമാണം : 'ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതികരിക്കപ്പെടുകയില്ല' 'യേശുക്രിസ്തുവിലുള്ള വിശ്വാസത്താലല്ലാതെ ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ മനുഷ്യൻ നീതീകരിക്കപ്പെടുന്നില്ല എന്ന് അറിഞ്ഞിരിക്കക്കൊണ്ട് നാമും ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലല്ല ക്രിസ്തുവിൽ ഉള്ള വിശ്വാസത്താൽ തന്നെ നീതീകരിക്കപ്പെടേണ്ടതിനു ക്രിസ്തുയേശുവിൽ വിശ്വസിച്ചു. ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും നീതീകരിക്കപ്പെടുകയില്ലല്ലോ.' ന്യായപ്രമാണത്തിന്റെ പ്രവൃത്തികൾ, മതാചാരങ്ങൾ, മതാനുഷ്ഠാനങ്ങൾ ആത്മരക്ഷയ്ക്കു സഹായകമല്ല. രക്ഷ ക്രിസ്തുയേശുവിലൂടെ മാത്രം.

(3) യാഗങ്ങൾ : 'നമ്മുടെ പെസഹക്കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു, ക്രിസ്തു തന്നെ' 'ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്' 'നീ അറുക്കപ്പെട്ടു നിന്റെ രക്തം കൊണ്ട് സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തി നായി വിലയ്ക്കുവാങ്ങി' 'ഇവയുടെ മോചനമുള്ളേടത്ത് ഇനി മേൽ പാപങ്ങൾക്കുവേണ്ടി ഒരു യാഗവും ആവശ്യമില്ല' 'കാളകളുടെയും ആട്ടുകൊറ്റന്മാരുടെയും രക്തത്തിന് പാപങ്ങളെ നീക്കു വാൻ കഴിയുന്നതല്ല' 'ക്രിസ്തു എന്ന കുഞ്ഞാട് മാനവരാശിക്കുവേണ്ടി യാഗമായിത്തീർന്നു. ഇനി പാപപരിഹാരത്തിനുവേണ്ടി മറ്റൊരു യാഗത്തിന്റെയും ആവശ്യമില്ല. വ്യക്തിയുടെ പാപപരിഹാ രത്തിന് ഇനി ഒരു ജന്തുബലി സഹായകമല്ല. അതു നിരോധിക്കപ്പെട്ടതുമാണ്. പാപപരിഹാരം ക്രിസ്തുവിന്റെ കാൽവറി ബലിയിലൂടെ സാധിച്ചിരിക്കുന്നു.

(4) നീതിപ്രവൃത്തികൾ : 'അവൻ നമ്മെ നാം ചെയ്ത നീതി പ്രവൃത്തികളാലല്ല, തന്റെ കരുണപ്രകാരമത്രേ രക്ഷിച്ചത്' 'ഞങ്ങളുടെ നീതിപ്രവൃത്തികൾ ഒക്കെയും കറപുരണ്ട തുണി പോലെ' മനുഷ്യന്റെ നീതിപ്രവൃത്തികൾ, ജീവകാരുണ്യപ്രവർത്തനങ്ങൾ, മനുഷ്യസേവനങ്ങൾ അവന്റെ ആത്മരക്ഷയ്ക്ക് സഹായകമല്ല, ആവശ്യവുമല്ല. ആത്മരക്ഷ പ്രാപിച്ചവരുടെ ഒഴിച്ചുകൂടാനാവാത്ത സാമൂഹികവും ധാർമ്മികവുമായ ബാദ്ധ്യതയാണ് ജീവകാരുണ്യപ്രവർത്ത നങ്ങൾ, മനുഷ്യസേവനങ്ങൾ എന്നത്' അത് ക്രൈസ്തവസഭയുടെ മഹത്തായ ദൗത്യവുമാണ്.

ഇന്ന് ഒരു വ്യക്തി രക്ഷിക്കപ്പെടുന്നതിന് എന്താണ് ചെയ്യേണ്ടത്? ദൈവവചനം പറയുന്നു, 'യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും.' (റോമർ 10:9-10) ഒരു വ്യക്തി രക്ഷിക്കപ്പെടുന്നതിനുള്ള ദൈവീകവ്യവസ്ഥ ഇതാണ്. 'എന്നിട്ടും പ്രമാണികളിൽ തന്നെയും അനേകർ അവനിൽ വിശ്വസിച്ചു, പള്ളിഭ്രഷ്ടർ ആകാതിരിപ്പാൻ പരീ ശന്മാർ നിമിത്തം ഏറ്റു പറഞ്ഞില്ലതാനും. അവർ ദൈവത്താലുള്ള മാനത്തെക്കാൾ മനുഷ്യരാ ലുള്ള മാനത്തെ അധികം സ്നേഹിച്ചു' വെന്നാണ് യേശുവിനോടുള്ള ചിലരുടെ പ്രതികരണത്തെ ക്കുറിച്ച് സുവിശേഷത്തിൽ യോഹന്നാൻ രേഖപ്പെടുത്തിയിട്ടുള്ളത്.

'മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന ഏവനെയും സ്വർഗ്ഗസ്ഥനായ എന്റെ പിതാ വിന്റെ മുമ്പിൽ ഞാനും ഏറ്റുപറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെയോ എന്റെ പിതാവിൻ മുമ്പിൽ ഞാനും തള്ളിപ്പറയും' എന്നാണ് ക്രിസ്തുവിന്റെ നിലപാട്.

ഒരു വ്യക്തി രക്ഷിക്കപ്പെടുന്നതിനുള്ള ദൈവികവ്യവസ്ഥയ്ക്ക് ഇരുപതു നൂറ്റാണ്ടു പിന്നി ട്ടപ്പോഴും വ്യത്യാസമില്ല. അതേ വ്യവസ്ഥതന്നെയാണ് ഇന്നും നിലവിലുള്ളത്. ദൈവം മാറാത്ത വൻ, അവിടുന്ന് മാറ്റങ്ങൾക്ക് അതീതനാണ്. അക്കാരണം കൊണ്ടുതന്നെ ദൈവീകപദ്ധതിക്കും വ്യവസ്ഥയ്ക്കും മാറ്റം ആവശ്യമില്ല. ക്രിസ്തുവിലൂടെ വ്യക്തിക്ക് ഇന്നും ആത്മരക്ഷ യാഥാർത്ഥ്യ മാക്കാവുന്നതാണ്.

'ഇത്ര വലിയ രക്ഷ'

ഒരു വ്യക്തി, യേശുവിനെ 'കർത്താവ്' എന്ന് വായ്കൊണ്ട് ഏറ്റുപറയുമ്പോൾ രക്ഷിക്ക പ്പെടുന്നു. 'വായ്കൊണ്ട് ഏറ്റുപറയുമ്പോൾ രക്ഷിക്കപ്പെടും' എന്ന പ്രസ്താവന കേൾക്കുമ്പോൾ, ഇതെത്ര നിസ്സാരം, ലളിതം, വിലകുറഞ്ഞത്, നിഷ്പ്രയാസം സാധിക്കാവുന്നത് എന്നിങ്ങനെ ഗൗരവം കുറഞ്ഞ ചിന്തകൾ ചിലരിൽ എങ്കിലും ഉണ്ടായെന്നുവരാം. മനുഷ്യനാൽ അസാദ്ധ്യമായ രക്ഷാകരപദ്ധതി ദൈവം പൂർണ്ണമായും നിർവ്വഹിച്ചതിനാലാണ് പ്രാഥമികമായും അത്തരമൊരു

ചിന്ത മനുഷ്യനിൽ ഉണ്ടാകുന്നത്. ഈ മഹത്തായ 'വീണ്ടെടുപ്പി'ന്, പരിമിതിയും അശുദ്ധിയും ഉള്ള മനുഷ്യന് എന്ത് 'മറുവില' നല്കാനാകും?

മാനവരാശിയുടെ പാപത്തിന്റെ പരിഹാരത്തിന് 'തന്റെ ഏകജാതനായ പുത്രനെ' തന്നെ ദൈവം പ്രായശ്ചിത്തയാഗമാക്കി. ഇതിൽ നിന്നും ആ ബലിയുടെ പ്രാധാന്യവും അമൂല്യതയും ഗൗരവവും മനസ്സിലാക്കാവുന്നതേയുള്ളൂ. അപ്പോൾതന്നെ, നിസ്സഹായനും പരിമിതി ഉള്ളവനും ബലഹീനനും, പാപിയുമായ മനുഷ്യനോടുള്ള ദൈവത്തിന്റെ മഹാസ്നേഹവും കരുണയും സഹതാപവും കരുതലും ഇവിടെ കാണാവുന്നതാണ്. ദൈവത്തിന്റെ ജ്ഞാനവും നീതിയും കൃപയും കരുണയും ഒന്നിച്ചു വെളിപ്പെടുകയാണ് മനുഷ്യനുവേണ്ടിയുള്ള ഈ രക്ഷാകരപദ്ധതിയിൽ. ഈ 'രക്ഷാകരപദ്ധതിയും അത് ഓരോ വ്യക്തിയും അനുഭവമാക്കുന്നതിനുള്ള വ്യവസ്ഥയും' ഒരർത്ഥത്തിലും നിസ്സാരമല്ല.

ഇത്ര സുപ്രധാനമായ, അമൂല്യമായ രക്ഷ അനുഭവമാക്കുന്നതിന് 'വിശ്വാസ' ത്തെയാണ് ദൈവം ഉപാധിയായി നിർദ്ദേശിച്ചതെങ്കിൽ അതിലൂടെ വ്യക്തമാകുന്നത് 'വിശ്വാസ' ത്തിന്റെ മാഹാത്മ്യവും ശ്രേഷ്ഠതയും ശക്തിയും ചൈതന്യവും സാദ്ധ്യതയുമാണ്.

യേശുവിനെ 'കർത്താവ്' എന്ന് ഏറ്റുപറയുന്നതിന് മനുഷ്യനുള്ള പ്രേരണശക്തിയാണ് 'വിശ്വാസം.' ആ ചാലകശക്തിയുടെ മൂല്യം നിർണ്ണയിക്കുവാൻ മാനുഷികവും ഭൗതികവും ധനപരവുമായ അളവുകോലുകൾക്കാവില്ല. വിശ്വാസത്തിന് ഒരു ദൈവികതയുണ്ട്. മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ മഹത്തായ പദ്ധതികൾ ഉൾക്കൊള്ളുവാനും പ്രസ്തുത പദ്ധതികളിൽ പങ്കാളികളായി ജീവിതം ധന്യമാക്കുന്നതിനും ദൈവം മനുഷ്യനു നൽകിയ വരദാനമാണ് 'വിശ്വാസം.'

രക്ഷിക്കപ്പെടുന്നത് എങ്ങനെ ?

ദൈവം ഒരുക്കിയ രക്ഷയെ വ്യക്തി സ്വന്തമാക്കുന്നതിന് ദൈവം അനുവദിച്ച വ്യവസ്ഥയാണ് 'വിശ്വാസവും ഏറ്റുപറച്ചിലും.' വിശ്വാസവും ഏറ്റുപറച്ചിലും ഗൗരവമേറിയവതന്നെ. 'വിശ്വാസത്തിന്റെയും ഏറ്റുപറച്ചിലിന്റെയും' പ്രേരകശക്തി ദൈവംതന്നെയാണ്. 'പിതാവിന്റെ ആകർഷണ' വും പരിശുദ്ധാത്മരൂപിയുടെ പ്രവർത്തനവും വ്യക്തിക്ക് അനുഭവമാകും. പരിശുദ്ധാരൂപി വ്യക്തിയിൽ 'പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും' ബോധം വരുത്തും.

പിതാവിന്റെ ആകർഷണവും പരിശുദ്ധാത്മാവിന്റെ ബോധവല്ക്കരണവും 'യേശുവിനെ കർത്താവ് എന്ന് ഏറ്റു പറയുവാൻ' സഹായകമാകുംവിധം അനുകൂലമായ ഒരാത്മീയ സാഹചര്യം 'വ്യക്തി അറിയാതെ തന്നെ' 'പിതാവും' 'പരിശുദ്ധാരൂപിയും' 'ദൈവവചന' വും ഒരുക്കുകയാണ്. ദൈവവചനം വ്യക്തിയെ രക്ഷയ്ക്കു ജ്ഞാനിയാക്കുന്നു. യേശുവിനെ കർത്താവെന്ന് ഏറ്റുപറയുവാൻ സാഹചര്യം ഒരുക്കപ്പെടുന്നു. വ്യക്തിയെ സംബന്ധിച്ചിടത്തോളം ഇതു 'ശ്രമകരവും അസാദ്ധ്യവും' ആണ്. യാതൊരു സംശയവും ഇല്ല. പക്ഷേ, വ്യക്തിയ്ക്കുവേണ്ടി ദൈവം അങ്ങനെ പ്രവർത്തിക്കുന്നു. വാസ്തവത്തിൽ വ്യക്തി ഇതൊന്നും അറിയാത്തതുകൊണ്ടാണ് 'വിശ്വാസത്തെയും ഏറ്റുപറച്ചിനെയും' നിസ്സാരമായി കാണുന്നത്. എന്നാൽ ആത്മീയതയുടെ ഭാഗത്തുനിന്നു നോക്കുമ്പോൾ വ്യക്തിക്കുവേണ്ടിയുള്ള ദൈവപ്രവൃത്തിയുടെ ശ്രേഷ്ഠത എത്ര വലിയത് എന്നു ബോദ്ധ്യമാകും.

'വീണ്ടും ജനനം'

ഒരു വ്യക്തി 'യേശുവിനെ കർത്താവ് എന്ന് ഏറ്റുപറയുമ്പോൾ വാസ്തവത്തിൽ സംഭവിക്കുക ആ വ്യക്തിയുടെ' വീണ്ടും ജനനമാണ്. ജഡത്താൽ ജനിച്ചതു ജഡം ആകുന്നു, ആത്മാവി

നാൽ ജനിച്ചത് ആത്മാവാകുന്നു. നിങ്ങൾ പുതുതായി ജനിക്കേണം എന്നു ഞാൻ നിങ്ങളോട് പറകയാൽ ആശ്ചര്യപ്പെടരുത് എന്ന് ക്രിസ്തു പറഞ്ഞു. 'പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല' (യോഹന്നാൻ 3:3) എന്ന ക്രിസ്തുവചനം വീണ്ടും ജനനാനുഭവത്തിന്റെ ആവശ്യകതയിലേക്കു വിരൽ ചൂണ്ടുന്നു. പാപവും മരണവും നിഴൽവീശിയ സ്ഥാനത്ത് 'നിത്യജീവനി' ലേയ്ക്കുള്ള പുരോഗതിയാണ് വീണ്ടും ജനനത്തിലൂടെ അനുഭവമാകുക. 'ജഡ' ത്തിൽ കഴിയുന്നുവെങ്കിലും ആത്മസ്വഭാവം പ്രാപിക്കുന്നു.

ആത്മീയമായ ചിന്ത സ്വന്തമാകുന്നു. ജഡീക ഇച്ഛകൾക്കും ശീലങ്ങൾക്കും പരിചയങ്ങൾക്കും എതിരെ പൊരുതുവാനുള്ള ആത്മീയ ആവേശവും കരുത്തും ലഭ്യമാകുന്നു. ചിന്തയും പ്രവൃത്തിയും ശീലവും സ്വഭാവവും പെരുമാറ്റവും ആത്മീയമാകുകയും ഒരു ആത്മീയ വ്യക്തിത്വം രൂപപ്പെടുകയും ചെയ്യുന്നു. ഇതാണ് യഥാർത്ഥ ക്രിസ്തുവിശ്വാസിയുടെ സത്വം. ആത്മാവിനെ പ്രാപിച്ചതോടെ 'പുത്രത്വ' ത്തിന്റെ സ്വാതന്ത്ര്യവും പ്രാഗത്ഭ്യവും കൂട്ടായ്മയും ദൈവവുമായി ഉണ്ടാകുന്നു. ശക്തമായ ഈ ആത്മീയ അനുഭവം തിന്മയ്ക്കും പാപത്തിനും എതിരെയുള്ള ഒരു പ്രതിരോധശക്തിയായി മാറുകയാണ്.

'യേശുവിനെ കർത്താവ്' എന്ന് ഒരു വ്യക്തി ഏറ്റുപറയുമ്പോൾ വാസ്തവത്തിൽ അവനിൽ ഒരു ആത്മീയ ശസ്ത്രക്രിയ തന്നെയാണ് നടക്കുന്നത്. ഒരു ആന്തരികനവീകരണം, വിപ്ലവാത്മകമായ പരിവർത്തനം, സമഗ്രമായ രൂപാന്തരം അതാണ് വ്യക്തിയിൽ സംഭവിക്കുന്നത്. അവിടെ ഒരു ആത്മീയ ജീവൻ ശക്തിപ്പെടുന്നു. യഥാർത്ഥത്തിൽ ആ വ്യക്തിയിൽ സ്വന്തം പ്രകൃതിക്കും സ്വഭാവത്തിനും വ്യത്യസ്തമായി 'ക്രിസ്തു ഉരുവാകുക' യാണ്. ജഡത്തിനും മനോവികാരങ്ങൾക്കും ഇഷ്ടമുള്ളതു പ്രവൃത്തിക്കുന്ന, പാരമ്പര്യമനുസരിച്ച് കൈവന്ന ശീലങ്ങൾക്കും സ്വഭാവങ്ങൾക്കും അടിമപ്പെട്ടു കഴിയുന്ന വ്യക്തിയിൽ 'ക്രിസ്തു ഉരുവാകുമ്പോൾ' വ്യക്തിയിൽ സംഭവിക്കുന്ന വ്യതിയാനം അവർണ്ണനീയം തന്നെ.

(1) ക്രിസ്തുവിന്റെ സമീപനവും ക്രിസ്തുവിന്റെ ഭാവവും ക്രിസ്തുവിന്റെ ശൈലിയും വ്യക്തിയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകളായി മാറുകയാണ്. ഒരു വ്യക്തിയിലേക്കു പകരുന്ന ദൈവകൃപയുടെ അനന്തസാദ്ധ്യതകളാണ് നാം ഇവിടെ ദർശിക്കുക. ഈ മാറ്റത്തിന് അടിസ്ഥാനകാരണമായ 'വിശ്വാസവും ഏറ്റുപറച്ചിലും' എങ്ങനെ നിസ്സാരമാകും?

(2) ക്രിസ്തുവിനെ യഥാർത്ഥത്തിൽ ഉൾക്കൊണ്ട ഈ വ്യക്തി സമൂഹത്തിൽ മൂല്യങ്ങളുടെ പേരിൽ സമുന്നതയും വ്യത്യസ്തനുമാവുകയാണ്.

(3) എതിരറ്റ വ്യക്തിത്വത്തിന്റെ ഉടമയാവുകയാണ്.

(4) അധാർമ്മികതയ്ക്കും അസന്മാർഗ്ഗികതയ്ക്കും സാമൂഹികതിന്മയ്ക്കും ഇരുളിന്റെ ശക്തിക്കും എതിരെ ഒരു ധാർമ്മിക ശക്തിയായി തീരുകയാണ്.

(5) ജീവിതമൂല്യങ്ങളുടെ വക്താവും സംരക്ഷകനുമായി ആ വ്യക്തി മാറുകയാണ്.

'ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു, ഈ ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു' വെന്നാണ് അത്ഭുതകരമായ ഈ രൂപാന്തരത്തെപ്പറ്റി പൗലോസ് സാക്ഷിച്ചത്. 'ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. പഴയതു കഴിഞ്ഞതുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു. 'വീണ്ടും ജനന'ത്തിന്റെ വിപ്ലവാത്മകമായ ഈ അനുഭവം പുതിയൊരു മാനവികതയുടെ ശംഖനാദം മുഴക്കുകയാണ്. 'വീണ്ടും ജനനാനുഭവം' ഉള്ളവരിൽ പ്രകടമാകുന്ന ഈ മാറ്റം സമൂഹം ശ്രദ്ധിക്കും. സമൂഹത്തെ

*അത് ആഴത്തിൽ സ്വാധീനിക്കും. യുക്തിരഹിതവും അർത്ഥശൂന്യവുമായ മതാചാരങ്ങളിലും മതാനുഷ്ഠാനങ്ങളിലും അതൃപ്തരായ, അസ്വസ്ഥരായ ലോകജനത ആത്മീയതയുടെ പുതിയ ചക്രവാളം ദർശിക്കുക ഈ സമുന്നതമായ ക്രൈസ്തവികയിലാണ്.*

*ക്രിസ്തുകേന്ദ്രീകൃതമായ ജീവിതം നയിക്കുന്ന യഥാർത്ഥ ക്രൈസ്തവികതയുടെ വക്താക്കൾക്കു മാത്രമേ സമൂഹത്തിന് ആത്മീയതയുടെ 'പുതിയ ഭൂമിയും പുതിയ ആകാശവും' ചൂണ്ടിക്കാണിക്കാനാവൂ. 'വിശ്വാസത്തിന്റെയും ഏറ്റുപറച്ചിന്റെയും' അടിത്തറയിൽ ഉയർന്നു നിൽക്കുന്ന പ്രകാശഗോപുരമാണ് സമൂഹത്തിൽ ഒരു യഥാർത്ഥ ക്രിസ്തുവിശ്വാസി. ഇത്തരം ക്രിസ്തുവിശ്വാസികളുടെ സമൂഹമാണ് 'എക്ലേസിയാ' അഥവാ 'സഭ'.*

***യേശുവിന്റെ കർത്തൃത്വം***

*യേശുവിനെ 'കർത്താവ്' എന്ന് വായ്കൊണ്ട് ഏറ്റുപറയുമ്പോൾ മറ്റൊരു സംഭവം കൂടെ നടക്കുകയാണ്, ആ വ്യക്തി തന്റെ ജീവിതത്തിന്റെ കർത്തൃത്വം ക്രിസ്തുവിനെ കൈമാറുകയാണ്. ഒരാത്മീയ പ്രമാണത്തിനും നേതൃത്വത്തിനും ആ വ്യക്തി വിധേയത്വമുള്ളവനായി മാറുന്നു. ക്രിസ്തുവിന്റെ നുകം ഏല്ക്കുകയാണദ്ദേഹം. ക്രിസ്തു ആ വ്യക്തിക്ക് ഗുരുവും പാഠപുസ്തകവും സർവ്വകലാശാലയുമാണ്. ക്രിസ്തുവിന്റെ നുകം മൃദുവും ചുമട് ലഘുവുമാണ്. യഥാർത്ഥത്തിൽ ക്രിസ്തുവിനു ശിഷ്യനാകുന്ന വ്യക്തി ജീവിതത്തിൽ പരാജയപ്പെടുകയില്ല.*

*ക്രിസ്തുവിന്റെ കർത്തൃത്വത്തിനു വിധേയപ്പെടുന്ന വ്യക്തിയുടെ ജീവിതപടകിൽ അമരക്കാരനായി ക്രിസ്തു മാറുകയാണ്. അതോടെ ശാന്തിയും സംതൃപ്തിയും സൗഭാഗ്യവും നിറഞ്ഞ അർത്ഥവത്തായ ഒരു ജീവിതമായി അതു തീരുന്നു. കാറും കോളും കൊടുങ്കാറ്റും നിറഞ്ഞ പ്രതികൂലസാഹചര്യങ്ങളിലും പടക് മറിയുകയില്ല, തളരുകയില്ല, ദിശ മാറുകയില്ല. നിർഭയത്വവും സുരക്ഷിതത്വവും സമാധാനവും വ്യക്തമായ ദിശാബോധവും അവിടെയുണ്ട്. ഓളങ്ങളേയും തിരമാലകളെയും തട്ടിമാറ്റി ആ പടക് ലക്ഷ്യസ്ഥാനത്ത്, ശാന്തതീരത്ത് ജയഭേരിമുഴക്കി ചെന്നടുക്കും. കാരണം, അമരക്കാരൻ ക്രിസ്തുവാണ്. ക്രിസ്തുവിലൂടെ അനുഭവമാകുന്ന ആത്മരക്ഷ എത്ര മഹത്തായത്! അതിനാലാണ് 'ഇത്ര വലിയ രക്ഷ' എന്ന് തിരുവചനം അതിനെ വിശേഷിപ്പിച്ചത്. കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി 'സഭ' യോടെ ചേർക്കുന്നു. രക്ഷിക്കപ്പെട്ടവരുടെ സമൂഹമാണ് സഭ. സഭ ദൈവത്തിന്റെ ജനമാണ്. ദൈവം സ്നേഹിക്കുന്ന, ശ്രദ്ധിക്കുന്ന, കരുതുന്ന, സൂക്ഷിക്കുന്ന തന്റെ സ്വന്തജനം.*

*താങ്കളുടെ ജീവിതം ഈ നല്ല കർത്താവിന് സമർപ്പിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ; ഇപ്പോൾത്തന്നെ സമർപ്പിക്കു. ദൈവസ്നേഹത്തിന്റെ, കരുതലിന്റെ ഭാഗമായിത്തീരാൻ, തന്റെ കുഞ്ഞായിത്തീരാൻ കർത്താവ് സഹായിക്കട്ടെ!*

ഒരു മുട്ട പക്ഷിയായി വിരിയുന്നത് കഠിനമായിരിക്കാം: അതിലും കഠിനമാണ് അതു മുട്ടയായിരിക്കുമ്പോൾ തന്നെ പറക്കുവാൻ പരിശ്രമിക്കുന്നത്.
- സി എസ് ലൂയിസ്

**നീ ശത്രുക്കളെ ഉണ്ടാക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ചില കാര്യങ്ങളിൽ മാത്രം മാറ്റം വരുത്തുക.**
**- വുഡ്റോ വിൽസൺ**

- Selected

# സൗത്ത് കേരള സി.എസ്.ഐ ഡയോസിസ് മഹായിടവക ഭാരവാഹികളെ തെരഞ്ഞെടുത്തു

***സൗത്ത് കേരള സി.എസ്.ഐ ഡയോസിസ് മഹായിടവക ഭാരവാഹികളായി മൂന്ന് പേരെ തെരഞ്ഞെടുത്തു. വൈസ് ചെയർമാനായി റവ.ഡോ. ജ്ഞാനദാസ്, സെക്രട്ടറി ഡോ.വി.കെ.റോസ് ബിസ്റ്റ് (ന്യൂറോ സർജൻ), ട്രഷറർ റവ. കാൽവിൻ ക്രിസ് ഈ മൂന്നുപേരെയും ജാമക്കാരന്റെ പേരിൽ ആശംസകൾ അർപ്പിക്കുന്നു.***




***ഡയോസിസിൽ ഇവർ പുതുമുഖങ്ങളാണ്. വർഷങ്ങളായി ഭരിച്ചുകൊണ്ടിരുന്ന പഴയ ഭാരവാഹികളെല്ലാം തോറ്റുപോയി. ഇപ്പോൾ ജനങ്ങൾ പുതിയ ഒരു മാറ്റം പ്രതീക്ഷിക്കുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഈ പുതിയ വ്യക്തികളെ ജനങ്ങൾ തെരഞ്ഞെടുത്തത്. മഹായിടവകയുടെ ജനങ്ങളുടെ പ്രതീക്ഷയും ദൈവത്തിന്റെ ആഗ്രഹത്തെയും നിറവേറ്റുവാൻ ഭാരവാഹികൾ ശ്രമിക്കണം. പല വർഷങ്ങളായി ഉണ്ടായിരുന്ന ദൈവത്തിന് ഇഷ്ടമില്ലാത്ത പ്രവർത്തനങ്ങൾ ഡയോസിസിൽ ഉണ്ടാകാതിരിക്കാൻ ഭാരവാഹികൾ പ്രവർത്തിക്കണം. കേരളത്തിലെ വെള്ളപ്പൊക്കം വന്ന് ഒരു വലിയ മാറ്റം ഉണ്ടായതുപോലെ ഈ ഇലക്ഷൻ മുഖാന്തിരം മഹായിടവകയിൽ ഒരു പുതിയ ആത്മീയ അന്തരീക്ഷം ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു. ഇപ്പോൾ അവർ വഹിക്കുന്നത് പദവിയല്ല, ദൈവവേലയാണെന്ന് മനസ്സിലാക്കി പ്രവർത്തിച്ചാൽ മതി. ഞാനും മഹായിടവയ്ക്കും ഭാരവാഹികൾക്കും ബിഷപ്പിനുവേണ്ടിയും തുടർന്നും പ്രാർത്ഥിക്കും.***

# FMPB മിഷണറി സ്ഥാപനത്തിന് പുതിയ പ്രസിഡന്റ്



Bro. Reginold

(FMPB) മിഷണറി സ്ഥാപനത്തിന് പ്രസിഡന്റായി സഹോ.റെജിനോൾഡ് അവർകളെയും വൈസ് പ്രസിഡന്റായി സഹോ.ജെയിംസ് ധർമ്മപാലൻ അവർകളെയും തെരഞ്ഞെടുത്തു. പുതിയ ചുമതലക്കാരെ ജാമക്കാരന്റെ പേരിലും എന്റെ പേരിലും അനുമോദിക്കുന്നു. ഏഷ്യയിലെ വലിയ മിഷണറി സ്ഥാപനമായി FMPB വളരുന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. ഏകദേശം 7000 മിഷണറി പ്രവർത്തകർ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലുമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പലവിധ പ്രശ്നങ്ങളുടെ മധ്യേ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ മിഷണറിമാർക്കും അവരുടെ കുടുംബാംഗങ്ങൾക്കുവേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം.

**SEPTEMBER 2018**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.